(ബി) ഹോസ്റ്റൽ ഇരിക്കുന്ന കെട്ടിടം വാടകക്കു് എടുത്തിട്ടുള്ളതാണു്. P.C.R. പണികളും, വേലികെട്ടുകലും കഴിയാതെ ഇനി വാടക തരികയില്ലെന്നു സ്ഥലമുടമസ്ഥനെ അറിയിച്ചപ്പോൾ എല്ലാ പണികളും വേഗത്തിൽ നടത്തി.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇപ്പോൾ വേലികെട്ടിക്കഴിഞ്ഞു എന്നു വല്ല റിപ്പോർട്ടും ഗവൺമെണ്ടിലേയ്ക്കു കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉവ്വു്.

LICENCE FOR SALE OF INTOXICANTS—NUMBER OF

82. (45) മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിലേക്കു ദയവുണ്ടാകുമോ.—

(എ) തലപ്പിള്ളി താലൂക്കിൽ ഫ്രഞ്ചുമദ്യവില്പനക്കു എത്ര ലൈസൻസുകൾ നൽകീട്ടുണ്ടു്;

(ബി) മലബാറിനു തൊട്ടു ചെറുതുരുത്തി വില്ലേജിൽ മൊത്തവില്പനക്കായും ചില്ലറവില്പനക്കായും എത്ര ലൈസൻസുകൾ നൽകീട്ടുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ൯൨.

(ബി) ൫.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: B. ചോദ്യത്തിനു 5 എന്നു ഉത്തരം പറഞ്ഞിട്ടുണ്ടു്. ആരൊക്കെല്ലാമാണെന്നു പേരു പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിന്റെ വിവരം എന്റെകയ്യിൽ കിട്ടിയിട്ടില്ല.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: ചിറ്റൂർ താലൂക്കിലെ മദ്യവ്യാപനത്തെ പരാജയപ്പെടുത്തുവാൻ വേണ്ടിയാണോ ഇങ്ങിനെ ചെയ്തിട്ടുള്ളതു"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഞാൻ അങ്ങിനെ ധരിച്ചിട്ടില്ല.

മിസ്റ്റർ കെ. കുഞ്ഞിരാമൻ മേനോൻ: അതിനെപ്പറ്റി അന്വേഷിക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അന്വേഷിക്കാം.

2. ANNOUNCEMENT BY THE PRESIDENT REGARDING CONFERMENT OF TITLE ON HIS HIGHNESS

Mr. President: Before we proceed further, I would like to draw the attention of the Hon'ble Members to the fact that there is a function this afternoon at 3 O'clock in the Durbar Hall regarding the conferment of a title on His Highness the Maharaja. The function is at 3 O'clock and the guests are expected to be there at 2-45. So we terminate our business at 2-30 p.m.

Mr. P. Govinda Menon *(Minister for Finance and Law):* That may be done, Sir.

Mr. President: Yes. Then what about the interval? Since we have started at 10 O'clock we shall break for the interval at 12 O'clock. Many Hon'ble Members have complained about the shortness of the interval. We shall re-assemble after the interval at 1 O'clock. In view of he shortness of our time, I hope the Hon'ble Members will please adjust themselves and take as little time as possible.

Mr. C. V. Iyyu *(Kunnámkulam):* May I inform that the guests have to be present there at 2-45 p.m.

Mr. President: So we will rise at 2-30.

3. VOTING OF DEMANDS FOR GRANTS

32. Public Works

Mr. K. Ayyappan *(Minister for Works and Revenue):* I move for an allotment of Rs. 39,99,564 under 32—Public Works.

സർ, ഇവിടെ കിട്ടിയിട്ടുള്ള ഉപക്ഷേപങ്ങളെ സംബന്ധിച്ചു് സാമാന്യമായി ചിലകാര്യങ്ങൾ പറഞ്ഞാൽ പിന്നെ, ഉപക്ഷേപങ്ങൾ മുഴുവൻ ചെയ്യുന്ന സമയത്തു് അധികസമയം എടുക്കാതെകഴിക്കാൻ സാധിക്കുമെന്നു വിചാരിക്കുന്നു. ഇവിടെ കിട്ടിയിട്ടുള്ള ഉപക്ഷേപങ്ങളിൽ ഏറ്റവും പ്രധാനമായിട്ടുള്ളതു് റിട്രെഞ്ചുമെൻറിനെപ്പറ്റിയുള്ളതാണു്. ഇതിനുമുമ്പു പലപ്രാവശ്യവും ഗവൺമെണ്ടു് ഇതിനെപ്പറ്റി പറഞ്ഞിട്ടുണ്ടു്. റിട്രെഞ്ചുമെൻറ് കമ്മിറ്റിക്കാരുടെ റിപ്പോർട്ടു് ഇപ്പോൾ ഗവൺമെണ്ടിന്റെ ആലോചനയിലിരിക്കുകയാണു്. റിട്രെഞ്ചു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Ayyappan]

മെൻറ് കമ്മിറ്റിക്കാർ ഒരു ചെറിയ റിട്രെഞ്ച്മെൻറ്മാത്രമാണ്ഉദ്ദ്യേശിച്ചിട്ടുള്ളത്. അതിനേക്കാൾ കൂടുതൽ വിപുലമായ തോതിലുള്ള ഒരു റിട്രെഞ്ച്മെൻറ് നിർദ്ദേശവും ഗവണ്മെണ്ടിൻെറ ആലോചനയിലിരിക്കുകയാണ്. അതിൻെറ ഉത്തരവ് അടുത്തുതന്നെ പുറപ്പെടുവിക്കുന്നതായിരിക്കും. വേറെ ഒരു സംഗതി കട്ട്മോഷൻസിലുള്ളതു പണികൾക്ക വളരെ താമസം നേരിടുന്നു എന്നുള്ളതാണ്. അതു ഞാൻ സമ്മതിക്കുന്നു. അതു വേഗത്തിൽ നടക്കാനുള്ള നടപടികൾ എടുക്കുന്നുണ്ട്. പണികൾ അധികം വെച്ചിട്ടുണ്ടോ എന്നുള്ള ചോദ്യത്തിനു് ഇന്നലെ ഫിനാൻസുമെമ്പർതന്നെ ഉത്തരം പറഞ്ഞു. അധികം പണികൾ വെച്ചിട്ട കാര്യമില്ല. ഉള്ള പണികൾ ഇക്കൊല്ലംതന്നെ ചെയ്യുവിക്കാൻ നോക്കാം. ഈ കാര്യത്തെപ്പറ്റി ഇതാണ ഗവണ്മെണ്ടിനു അഭിപ്രായം പറയാനുള്ളതു്. പ്രാദേശികമായ ആവശ്യങ്ങളെപ്പറ്റി പല ഉപക്ഷേപങ്ങളും ഇവിടെ വന്നിട്ടുണ്ട്. അതെല്ലാം ഉടനെ ചെയ്യേണ്ടതും ചെയ്യാൻ പാടില്ലാത്തതുമായിരിക്കാം. ചിലതെല്ലാം ഗവണ്മെണ്ടു നീക്കിവെക്കുന്നു എങ്കിൽ അതു പണത്തിൻെറ കുറവുകൊണ്ടുമാത്രമാണെന്നു ബഹുമാനപ്പെട്ട സഭ ധരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ധനസ്ഥിതിയുടെ അവസ്ഥനോക്കി ചെയ്യാവുന്ന പണികളെല്ലാം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്രയും സംഗതികൾ മാത്രമെ എനിക്കു പൊതുവെ ഇതിനെപ്പറ്റി പറയുവാനുള്ളൂ.

Mr. President: There are cut motions. The maximum time I have allotted for this demand is 80 minutes.

Mr. C. V. Iyyu *(Kunnamkulam):* Cut motions Nos. 1 and 2 may be taken up together.

Mr. President: Yes.

CUT MOTION No. 1

Mr. C. V. Iyyu *(Kunnamkulam):* To reduce the allotment of Rs. 20,130 for Establishment—Direction in Demand No. 32A. by Re. 1.

(To impress upon the Government to print and place on the table the proposals of the Retrenchment Committee as far as the P. W. D. is concerned so as to urge the Government to bring into effect the proposals of that Committee at a very early date)

CUT MOTION No. 2

Mr. Alexander Parambithara *(Kumbalangi):* To reduce the allotment of Rs. 20,130 for Public Works (Direction) Establishment in Demand No. 32(A) by Re. 1.

(The disproportionate growth of the Public Works Department in recent years ana the need for checking the same in the intersets of public economy)

മിസ്റ്റർ സി. വി. ഇയ്യു: സർ, ഈ കട്ട്മോഷൻ അവതരിപ്പിക്കുന്നതിനുമുമ്പായി റിട്രെഞ്ച്മെൻറ കമ്മിറ്റിയുടെ റിപ്പോർട്ടിൻെറ പേജ് 10-ാം പേജിൽ പബ്ലിക്ക് വർക്സിനെ സംബന്ധിച്ചുള്ള രണ്ടാം പാരഗ്രാഫ് ഇവിടെ വായിച്ചു ഈ നിയമസഭയുടെ ശ്രദ്ധ അതിലേക്ക തിരിക്കുന്നതു നന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. അതു് ഇതാണ്.

"No reply to our general or special questionnaire was received from the Chief Engineer's Office except a reply to the special questionaire regarding the electrical division. We feel that there is superfluity of staff due largely to the constitution of the department".

പബ്ലിക്കുവർക്സ് ഡിപ്പാർട്ടുമെണ്ടിലേക്ക അയച്ചിട്ടുള്ള കപ്സ്റ്റിനെയറിനു് ഒരു വിദഗ്ദ്ധാനല്ലാതുള്ള (lawyer) പറയുന്നതായ അഭിപ്രായമല്ലാതെ സാങ്കേതികജ്ഞാനത്തോടുകൂടിയുള്ള വിവരം കൊടുത്തിട്ടില്ല. ഈ റിപ്പോർട്ട് കൂടുതൽ പരിശോധനയ്ക്കു സമർപ്പിച്ചിട്ടുള്ളതാണ്. മറ്റു പല ഡിപ്പാർട്ടുമെണ്ടിലേക്കും അയച്ചിട്ടുള്ള കപ്സ്റ്റിനേയറിനു ശരിയായ മറുപടി കൊടുത്തിട്ടുണ്ട്. ഈ ഡിപ്പാർട്ടുമെണ്ടിൽനിന്നുമാത്രം ശരിയായ മറുപടി കൊടുത്തിട്ടില്ല. ഇതു ഗവണ്മെണ്ടിൻെറ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതു്. ഈ ഡിപ്പാർട്ടുമെണ്ടിൽ റിട്രെഞ്ച്മെൻറ നടത്തുന്നതിനെ സംബന്ധിച്ചു വല്ല ഓർഡറും ഗവണ്മെണ്ടു പാസ്സാക്കീട്ടുണ്ടോ? ഉണ്ടെങ്കിൽ അതു ഈ സഭയെ അറിയിച്ചാൽ കൊള്ളാമെന്നു ബഹുമാനപ്പെട്ട മന്ത്രിയോടപേക്ഷിക്കുന്നു. എനിക്കു ഈ കട്ട്മോഷനെ സംബന്ധിച്ചു ഇതിൽ കൂടുതലായി ഒന്നും പറയുവാനില്ല. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഈ കട്ട്മോഷൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. Alexander Parambithara *(Kumbalanghi):* Is it necessary to move my cut motion?

LIBRARY ARCHIVES Kerala Legislative Assembly

Mr. President: In is not necessary to move it separately, since these are on the same subject.

മിസ്റ്റർ അലക"സാണ്ടർ പറമ്പിത്തറ: സർ, ഞാൻ അയച്ചിട്ടുള്ള ഖണ്ഡനോപക്ഷേപത്തിന്റെ ഉദ്ദേശം P. W ഡിപ്പാർട്ടുമെണ്ടിൽ വരുന്ന ഭാരിച്ച ചിലവിനേയും എന്നാൽ അതിൽനിന്നു രാജ്യത്തിനു പൊതുവെ ലഭിക്കുന്ന നന്മ വളരെ കുറവാണെന്നുള്ള സംഗതിയേയും ഗവണ്മെണ്ടിനെ ധരിപ്പിക്കുന്നതിനാണു". ഈ ഡിപ്പാർട്ടുമെണ്ടിൽ ഇപ്പോയിടെയായി ഉദ്യോഗസ്ഥന്മാർ വളരെ കൂടിയിട്ടുണ്ടു" എന്ന സംഗതി ഈ സഭയിൽ അടുത്ത ദിവസങ്ങളിൽ പല മെമ്പർമാരും പലപ്രാവശ്യവും പ്രസ്താവിച്ചിട്ടുള്ളതാണു". എന്നാൽ അതോടൊപ്പം ജോലി കൂടി ശരിയായി നടക്കുന്നില്ല എന്ന സംഗതി എല്ലാവർക്കും അറിയാവുന്നതാണു". ഒരു ഉദാഹരണം പറയാം. മൌണ്ടു" ബാറ്റൻ പ്രഭു കൊച്ചി സന്ദർശിച്ചു മടങ്ങിപ്പോയി; ഇന്ത്യയും വിട്ടു. അതിനുശേഷം നിയമിതനായ ഗവർണ്ണർ ജനറലും കൊച്ചി സന്ദർശിച്ചു മടങ്ങിപ്പോയി. എന്നിട്ടും ഇതുവരെ അതിനെസംബന്ധിച്ചു ചിലവുകളുടെ കണക്കു കൊടുത്തിട്ടില്ലെന്നാണു" അറിയുന്നതു". ഉദ്യോഗസ്ഥന്മാർ കൂടുതലായാൽ ഇപ്രകാരമുള്ള ബുദ്ധിമുട്ടുകൾ നേരിടുമെന്നാണു" വിചാരിക്കേണ്ടതു".

മിസ്റ്റർ കെ. അയ്യപ്പൻ: അതിന്റെ കണക്കു ഗവണ്മെണ്ടിലേക്കു കിട്ടിയിട്ടുണ്ടു".

മിസ്റ്റർ അലക"സാണ്ടർ പറമ്പിത്തറ: പക്ഷെ പണം മുക്കും ഇതേവരെ കിട്ടിയിട്ടില്ല. കണക്കുണ്ടാകുവാൻതന്നെ വളരെ താമസമുണ്ടായി എന്നാണു" അറിയുന്നതു". P.W.D. ലെ പല വിഭാഗക്കാരും സിക്രട്ടറിയേറ്റും കൂടി ജോലി ചെയ്തിട്ടും ഇതിനെ സംബന്ധിച്ചു കണക്കുകൾ തൃപ്തമെടുക്കുവാൻ വന്ന താമസം കുപ്രസിദ്ധമാണു". കൺട്രാക്ടർമാർ പണക്കാരാണെങ്കിലും അവർ ചിലവുചെയ്തിട്ടുള്ള പണം തിരിയെ കിട്ടിയാൽ മാത്രമെ പിന്നെയും അവർക്കു വ്യാപാരം ചെയ്യുവാൻ നിവർത്തിയുള്ളു. അതുകൊണ്ടു" ഉദ്യോഗസ്ഥവൃന്ദത്തെ ഒന്നു ചുരുക്കി കാര്യക്ഷമതയോടെ ജോലിചെയ്യുവാൻ വേണ്ട ഉദ്യോഗസ്ഥന്മാരെ മാത്രം വയ്ക്കുന്നതായാൽ പൊതുജനങ്ങൾക്കു കുറച്ചു" ആശ്വാസമുണ്ടാകും. ജോലി കൂടുതൽ നടത്തുവാനും സാധിക്കുമെന്നാണു" എന്റെ അഭിപ്രായം. പണ്ടു" ഒരു ചീഫ് എൻജിനീയരും രണ്ടു അസിസ്റ്റണ്ടു" എൻജിനീയർമാരും മൂന്നോ നാലോ ഓവർസിയർമാരും മാത്രമുണ്ടായിരുന്ന കാലത്തു് ഇത്രവലിയ കാലവിളംബം കൂടാതെ കാര്യങ്ങൾ നടന്നിരുന്നു. ഗവണ്മെണ്ടർ ജനറൽമാരുടെ സന്ദർശനം സംബന്ധിച്ചു കണക്കുകളെപ്പറ്റി പറഞ്ഞതു് ഒരു ചെറിയ ഉദാഹരണംമാത്രമാണു". അതിനേക്കാൾ ഗൌരവമേറിയ പല കാര്യങ്ങളുമുണ്ടു". കൃഷി സംരക്ഷണത്തിനു വേണ്ടതായ ചിറകളും മട്ടുകളും യഥാകാലം ഇടാത്തതുമൂലം കൃഷിക്കു സംഭവിക്കുന്ന ഭീമമായ നഷ്ടങ്ങൾക്കു ഉത്തരവാദിത്വം വഹിക്കുന്നതു് P.W.D. ലെ വിവിധതരം ഉദ്യോഗസ്ഥന്മാർ തമ്മിലുള്ള എഴുത്തുകുത്തുകളുടെ ബൈപുല്യംകൊണ്ടാണെന്നു വരുമ്പോൾ, ഈവക ഉദ്യോഗങ്ങളെ വെട്ടിച്ചുരുക്കേണ്ടതു് അത്യാവശ്യമായ ഒരു കാര്യമാണെന്നു മനസ്സിലാക്കാവുന്നതാണു".

മിസ്റ്റർ കെ. കരുണാകരൻ: സർ, പൊതുമരാമത്തുവകുപ്പിന്റെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടിയാണു" കൂടുതൽ ആളുകളെ നിശ്ചയിച്ചിട്ടുള്ളതെന്നു ഞാൻ കരുതുന്നു. എന്നാൽ ഫലം നേരെ മറിച്ചാണെന്നു നമുക്കു കാണുവാൻ സാധിക്കുന്നുണ്ടു". കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിശ്ചയിച്ചതിനുശേഷം ഇവിടത്തെ നിലയെന്താണെന്നു സാധാരണക്കാരനുപോലും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു". എഞ്ചിനീയർമാർ കൂടിയതിനുശേഷം നമുക്കു വ്യക്തമായി റോഡുകളിൽ കുണ്ടും കുഴികളും കൂടിട്ടുള്ളതായി കാണുവാൻ കഴിയുന്നുണ്ടു". ഈ സഭ രാത്രി കൂടുവാൻ തീരുമാനിച്ച ആദ്യത്തെ ദിവസം ൧൫ മിനിട്ടോളം ഇരുട്ടിൽ കഴിയേണ്ടിവന്നു. കൂടുതൽ ഉദ്യോഗസ്ഥന്മാരെ വെച്ചിട്ടുത്തോളം ഇങ്ങിനെയാണു". പബ"ളിക്ക് വർക്സു" സിപ്പാർട്ടുമെണ്ടിന്റെ ഏതാനുംകൊല്ലത്തെ ബഡ"ജറ്റു നോക്കിയാൽ ഉദ്യോഗസ്ഥന്മാരെ കുറക്കേണ്ടതാവശ്യമാണെന്നു ബോദ്ധ്യമാവും. ൧൯൫൦-ൽ ൨൭൫ ലക്ഷം രൂപ്പിക എസ്റ്റാബ"ളിഷ്മെണ്ടു ചാർജ്ജസും ൧൮൭൫ ന്റെ ലക്ഷം രൂപ്പിക പ്രവൃത്തികൾക്കുമാണു" കൊള്ളിച്ചിട്ടുള്ളതു". ൨൦-ൽ ടെണ്ടർ എക്സസ് ൨൦൦ ശതമാനമാണു". അതു കണക്കാക്കിയാൽ normal value of works ന്റെ ൧൦൦ ൽ ലക്ഷമാണു". അതായതു ൨൦-ൽ ഒന്നിനു മൂന്നു" എന്നുള്ള അടിസ്ഥാനത്തിൽ ൧൯൫൧-ൽ ൧൮൭൫ ലക്ഷവും ൧൯൬൦-൬൧ ലക്ഷവുമാണു". ൨൧-ൽ ൪൦൫ ലക്ഷവും ൪൫൬൫ ന്റെ ലക്ഷവുമാണു". ൨൨-ൽ ടെണ്ടർ എക്സസ് ൨൫ ൦ ശതമാനവും ൨൨-ൽ ൧൦൦ ശതമാനവുമാണു". Normal value of works കണക്കാക്കിയാൽ ൨൧ വരെയുള്ള ആ മൂന്നു കൊല്ലങ്ങളിൽ ഏതാണ്ടു് ആദ്യത്തെ അടിസ്ഥാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Karunakaran]

നത്തിൽ പ്രവർത്തിച്ചുപോയിട്ടുണ്ട്. എന്നാൽ പരിഷ്കാരം വന്നശേഷം ഫാമിൽ ഇപ്പോൾ ലക്ഷം എസ്റ്റാബ്ലിഷ്മെൻറ് ചാർജ്ജും normal value of works ഫാമിൽ ലക്ഷവുമാണ്. അതായത് നാല് ഇരട്ടി എന്നുള്ളതു കുറച്ചു. പി.ഡബ്ലിയു.ഡി.യിലെ ബഡ്ജറ്റ് അനുസരിച്ച് ഇപ്പോൾ എസ്റ്റാബ്ലിഷ്മെൻറ് ചാർജ്ജും ഫാമിൽ ലക്ഷം normal value of works മാണ്. അതായത് normal value of works മൂന്നിരട്ടി പോയി ഇരട്ടിപോലും ഇല്ലാതെയായി. ഈ നില തുടർന്നുകൊണ്ടുപോയാൽ ഗവൺമെണ്ടിനു വളരെ നഷ്ടമുണ്ട്. പി.ഡബ്ലിയു.ഡി കാലങ്ങളിൽ യുദ്ധകാലമായിരുന്നു. ഇതിനുംപുറമെ അന്നു് ആനമല റോഡു തുടങ്ങിയ വലിയ വലിയ സ്കീമുകളും തുടങ്ങിയിട്ടുണ്ടായിരുന്നു. എന്നിരുന്നിട്ടും പല വലിയ പണികളും ചെയ്യുവാൻ സാധിച്ചിരുന്നു. ഇന്നാകട്ടെ അനേകം ആളുകളുണ്ടായിട്ടും ഒരു വലിയ പണിപോലും നടക്കുന്നില്ല. അതുകൊണ്ടു റിട്രെഞ്ച്മെണ്ടു നടത്തുമ്പോൾ പബ്ലിക്കുവർക്സ് ഡിപ്പാർട്മെണ്ടിൽനിന്നു കർശനമായി റിട്രെഞ്ച്മെൻറ് നടത്തണമെന്നുള്ളതാണ് ഈ ഉപക്ഷേപത്തെ പിൻതാങ്ങി എനിക്കു പറയുവാനുള്ളതു്.

മിസ്റ്റർ കെ. അയ്യപ്പൻ: സർ, എനിക്കിതിനെ സംബന്ധിച്ചു് കൂടുതലായി ഒന്നും പറയാനില്ല. റിട്രെഞ്ച്മെൻറ് ശുപാർശകളിന്മേൽ ഉത്തരവു താമസിയാതെ പുറത്താക്കാൻ നിശ്ചയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞ കാര്യങ്ങളും ശ്രദ്ധിക്കാം. പിന്നെ ബഹുമാനപ്പെട്ട കന്ദംകുളം മെമ്പർ ആവശ്യപ്പെട്ട ആ റിപ്പോർട്ടു് മേശപ്പുറത്തു വെക്കണമെന്നു്. വെക്കാവുന്ന റിപ്പോർട്ടുകൾ വെച്ചിട്ടുണ്ട്. ഗവൺമെണ്ടു പരസ്യപ്പെടുത്താത്ത രേഖകൾ വെക്കുവാൻ നിവർത്തിയില്ല.

മിസ്റ്റർ സി. വി. ഇയ്യു: സർ റിട്രെഞ്ച്മെൻറ് റിപ്പോർട്ടു് അപൂർണ്ണമായ ഒരു റിപ്പോർട്ടാണു്. ഇനി മറ്റു റിപ്പോർട്ടുകൾ എടുത്തു നോക്കിയാൽ കഴിയുന്നതും റിട്രെഞ്ച് ചെയ്യുമെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു സന്തോഷാവഹമാണു്. ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് ഇവിടെ റിട്രെഞ്ച്മെണ്ടു ചെയ്യാൻ ഉദ്ദേശിച്ചിരിക്കെ പീച്ചി സ്കീമിനും മറ്റും പുതിയ ആളുകളെ റിക്രൂട്ടു ചെയ്യാൻ പരസ്യം ചെയ്തതായി കണ്ടു. അങ്ങിനെ ചെയ്യാതെ റിട്രെഞ്ച്മെണ്ടു ചെയ്യാൻ ഉദ്ദേശിക്കുന്ന ആളുകളെ അങ്ങോട്ടയച്ചാൽ അവർക്കു തൊഴിലായി. അതുകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയനുസരിച്ചു് ഈ ഉപക്ഷേപം സഭയുടെ അനുവാദത്തോടുകൂടി പിൻവലിക്കുന്നു.

Motions by leave withdrawn

Mr. President: Cut motion Nos. 3 and 8 may be moved together.

CUT MOTION No. 3

Mr. A. L. Jacob *(Cheranellur):* To reduce the allotment of Rs. 5,67,179 for Public Works—Civil Engineering Works—Original Works Contribution to Road Board in Demand No. 32 by Re. 1.

(To impress upon the Government the urgent necessity of opening a Public Road from the Tripunittura Road to Chilavannur in the Elamkulam Village so as to remove the great hardship caused to the pedestrians of that locality).

CUT MOTION No. 8

Mr. K. C. Mayankutty Mather *(Muslims-Cheranellur):* To reduce the allotment of Rs. 5,67,179 for Public Works, B.—Civil Engineering Work—Communications in Demand No. 32 by Re. 1.

(ചിലവന്നൂർ ദേശവാസികളുടെ ഗതാഗത സൌകര്യത്തിന്നായി അനുവദിച്ച റോഡു പണി ഇനിയും നടത്താതിരിക്കുന്നതിന്റെ അനാശാസ്യകതയെ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തുവാൻ).

മിസ്റ്റർ എ. എൽ. ജേക്കബ്: സർ, ചിലവന്നൂർ നിവാസികൾ കണ്ടിലും ചേറിലും നീന്തി കഷ്ടപ്പെട്ടാണു ഗതാഗതം ചെയ്യുന്നതു്. അവിടെ ഒരു റോഡിന്റെ ആവശ്യകതയെപ്പറ്റി പലപ്പോഴും മുറവിളി കൂട്ടുകയുണ്ടായിട്ടുണ്ടു്. അതിനെ സംബന്ധിച്ചു് പല നിവേദനങ്ങളും ഗവൺമെണ്ടിനു സമർപ്പിച്ചിട്ടുണ്ടു്. ആദ്യം പഞ്ചായത്തിനെയാണു സമീപിച്ചതു്. പഞ്ചായത്തിലെ അധികാരികൾ അവിടെവന്നു് ഒരു റോഡിനുവേണ്ട സ്ഥലം അകപയർ ചെയ്തതല്ലാതെ പിന്നീടു യാതൊന്നും ചെയ്യുകയുണ്ടായില്ല. ഫാമിൽ ഈ സംഗതി റോഡു ബോർഡിന്റെ ആലോചനക്കു വെക്കുകയും അതിനുശേഷം റോഡു ബോർഡിൽനിന്നു നിയുക്തരായ ആളുകൾ വന്നു സ്ഥലം പരിശോധിച്ചു റോഡു അത്യാവശ്യമാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്നു് റിപ്പോർട്ട് ചെയ്യുകയും ഉണ്ടായിട്ടുണ്ടു്. അതുസംബന്ധിച്ചു് യാതൊന്നും ഇതുവരെ ചെയ്യുകണ്ടില്ല. അതുകൊണ്ടു ചിലവന്തൂർ ദേശവാസികളുടെപേരിൽ ഗവണ്മെണ്ടിന്റെ ദയവുണ്ടായി റോഡു കഴിയുന്നതും വേഗത്തിൽ ഉണ്ടാക്കിക്കൊടുക്കണമെന്നാണു് എന്റെ അപേക്ഷ.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ : സർ, എന്റെ ഉപക്ഷേപവും അതുതന്നെയാണു്. ഞാൻ കൂടുതൽ സംസാരിക്കുന്നില്ല. ഒരാഴ്ചക്കുമുമ്പു ചിലവന്തൂർ ദേശവാസികളുടെ വക ഒരു മെമ്മോറാണ്ടം തയ്യാറാക്കി ബഹുമാനപ്പെട്ട മന്ത്രിമാർക്കു് സമർപ്പിച്ചിട്ടുണ്ടു്. അതിന്റെ ഒരു കോപ്പി എന്റെ കയ്യിലുണ്ടു്. ഈ റോഡു് അത്യാവശ്യമാണെന്നു് അതിൽ പറഞ്ഞിട്ടുണ്ടു്. ഇതിനെക്കുറിച്ചു കൂടുതലൊന്നും പറയേണ്ട ആവശ്യമില്ല.

ഡോക്ടർ മിസിസ്സ് ടി ഫ്രാൻസിസ്സ് : സർ, ഈ രണ്ടുകട്ട മോഷനേയും ഞാൻ പിൻതാങ്ങുന്നു. ചിലവന്തൂക്കു് ഒരു ഡാക്ടരുടെ നിലയിൽ ചികിത്സക്കായി ഞാൻ പോയിട്ടുണ്ടു്. പല വരമ്പുകളും തോടുകളും ചവിട്ടിയും ചാടിയും കൊണ്ടാണു എനിക്കു പോകേണ്ടിവന്നതു്. വഷ്ക്കാലത്തു നിറഞ്ഞുകയും വന്നിട്ടുണ്ടു്. അതിനുശേഷം രണ്ടു പേഷ്യൻറിനെ ആശുപത്രിയിലേക്കു കൊണ്ടുവരാൻ പറഞ്ഞു. അവർ കൊണ്ടുവന്നു. അവർ എതു തരത്തിലാണു് ആ രോഗികളെ ജനറലാശുപത്രിയിലേക്കു് കൊണ്ടുവന്നതു് എന്ന കാര്യം ആലോചിച്ചാൽ സങ്കടമാണു്. ആ സ്ഥലത്തുള്ള ജനങ്ങളുടെ ബുദ്ധിമുട്ടു് ബഹുമാനപ്പെട്ട മന്ത്രിമാർ നേരിട്ടുചെന്നു കണ്ടു മനസ്സിലാക്കേണ്ടതാണു്. അവർ കാറിൽ പോകാതെ നടന്നുതന്നെ പോയി ഈ സംഗതികളും മനസ്സിലാക്കി ഉടനടി ആ റോഡു പൂർത്തിയാക്കിക്കൊടുക്കണം. ഈ റോഡു് ആ സ്ഥലത്തേക്കു പൈപ്പുവഴി വെള്ളം കൊണ്ടുപോകേണ്ടതിന്നും ആവശ്യമാണു് എന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ ഇതിനെ ശക്തിയായി പിൻതാങ്ങുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ : സർ, ഈ റോഡു റോഡുബോർഡിന്റെ ആലോചനയിൽ ഇരിക്കുകയാണു്. റോഡു പണിക്കു ജനങ്ങൾ ആവശ്യപ്പെടുന്നതെല്ലാം അനുസരിച്ചു് ചെയ്തുകൊടുക്കുന്നതിനു് പ്രയാസം നേരിട്ട കാലത്തു ഗവണ്മെണ്ടു് ഒരു നയമെടുത്തു. ഒരു റോഡു ബോർഡുവെച്ചു് അതിനെക്കൊണ്ടു് ഏതെല്ലാം റോഡുകൾ ആവശ്യമാണെന്നു നോക്കിച്ചു് അവരുടെ ശുപാർശപ്രകാരം റോഡു പണികൾ എടുക്കുക എന്നതാണു് ആ നയം. റോഡു ബോർഡു പണികൾക്കു നീക്കിവെക്കുന്ന സംഖ്യകൾ ലാപ്സായി പോകാതിരിക്കാനും നിർദ്ദേശിച്ചിട്ടുണ്ടു്. പ്രസ്തുത റോഡിനു് ഷെഡ്യൂൾറേറ്റ് പ്രകാരം ൨ ൫,൦൦൦ ഉറുപ്പിക വേണം. എതായാലും ഇതു് ഈ എട്ടുമാസത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇനി റോഡു ബോർഡിന്റെ ശുപാർശയനുസരിച്ചു വരുന്ന കൊല്ലത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ കഴിയുമെങ്കിൽ അങ്ങിനെ ചെയ്യാം.

മിസ്റ്റർ പി. കെ. ഡീവർ : ഈ ൨ ൫,൦൦൦ ഉറുപ്പിക എന്നു പറഞ്ഞതു് ടെണ്ടർ റേറ്റ് ആണോ?

മിസ്റ്റർ കെ. അയ്യപ്പൻ : അതെ ടെണ്ടർ റേറ്റാണു്. അതുകൊണ്ടു് ഈ ഉപക്ഷേപം പിൻവലിക്കാൻ അഭ്യർത്ഥിക്കുന്നു.

മിസ്റ്റർ എ. എൽ. ജേക്കബ് : ഞാൻ സഭയുടെ അനുവാദത്തോടുകൂടി ഈ ഉപക്ഷേപം പിൻവലിക്കുന്നു.

Motion, by leave, withdrawn

CUT MOTION No. 4

മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടിമേനോൻ : *To reduce the allotment of Rs. 5,67,179 for 32-Public Works—B-Civil Engineering—Communication in demand No. 32 by Re. 1. (To request the Government to open a public road from East to West in Gothuruthy—Chennamangalam Village)*

സർ, ചേന്ദമംഗലം വില്ലേജിൽ പെട്ട ഗോതുരുത്തി ദ്വീപിൽ ഒരു റോഡിന്റെ ആവശ്യം ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാനാണു് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിരിക്കുന്നതു്. അവിടെ വളരെ ആളുകൾ താമസിക്കുന്നുണ്ടു്. അവിടെ ഏതാനും സ്ഥലത്തുമാത്രം ഒരാറടുത്തു റോഡുള്ളതല്ലാതെ മറെറ അറ്റംവരെ നടക്കാൻ തുടച്ചയായി റോഡില്ല. അന്യരുടെ പറമ്പിൽകൂടിയാണു് ഇപ്പോൾ വഴി നടക്കുന്നതു്. അതുകൊണ്ടു് അവിടെ ഒരു റോഡു അത്യാവശ്യമാണു്. ടാറിട്ട റോഡോ മറെറാ വേണമെന്നല്ല പറയുന്നതു്.

*മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: സർ, ഗോതുരുത്തിപോലെയുള്ള സ്ഥലത്തു് ഒരു സാധാരണ പൗരന്റെപ്രാഥമിക ആവശ്യമായ ഒരുറോഡു് വേണമെന്നാവശ്യപ്പെട്ട തുടങ്ങിയി

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Sebastian Thoppil]

വളരെകാലമായി. ഒന്നോ രണ്ടോ നാഴിക നീളംവരുന്ന ഒരു റോഡോ അവിടെ ആവശ്യമുള്ളൂ. വളരെക്കാലമായി നടത്തിവരുന്ന ഒരു ഹൈസ്കൂൾ ഒരു പള്ളി കൂടാതെ മറ്റു ചില സ്ഥാപനങ്ങളുമുണ്ട്. ഈകായ്ത്തിൽ അവിടെനിന്നും ഗവൺമെണ്ടിനും സിദ്ധിച്ചുകൊണ്ടിരിക്കുന്ന വലിയ ആദായം നോക്കുമ്പോൾ ഈ വക പ്രാഥമിക ആവശ്യങ്ങൾ അവഗണിക്കുന്നതു വലിയ സങ്കടംതന്നെ. നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട ഒരു ദ്വീപാണ് അതു്. അവിടെ ഒരു റോഡു വേണമെന്നു് ആവശ്യപ്പെട്ടപ്പോൾ മറ്റു പ്രദേശങ്ങളുമായി ബന്ധം സ്ഥാപിക്കാൻ നിവൃത്തിയില്ലെന്നു തോന്നിയതുകൊണ്ടാണോ അവിടെ റോഡു വേണ്ടാ എന്നു് ഗവൺമെണ്ടു വിചാരിക്കുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. പക്ഷെ റോഡുവന്നു് അതിനുള്ള സൗകര്യം ലഭിച്ചുശേഷമാണു് രണ്ടാമത്തെ പടിയിലേക്കുള്ളകാര്യം ആലോചിക്കേണ്ടതു്. അതിനാൽ ആദ്യത്തെ ആവശ്യം റോഡാണു്. അതുകൊണ്ടു് ബഡ്ജറ്റിൽ പണമില്ലെന്നകാര്യം പറയാതെ ഈ ബഡ്ജറിൽതന്നെ അതിനുള്ളപണം കൊള്ളിച്ചു റോഡുപണി നടത്തണമെന്നാണു് എനിക്കു് അപേക്ഷിക്കുവാനുള്ളതു്.

മിസ്റ്റർ കെ. അയ്യപ്പൻ: സർ, ബഹുമാനപ്പെട്ട മെമ്പർതന്നെ ഇപ്പോൾ ഒരു മെറ്റൽ റോഡു് വേണമെന്നാവശ്യപ്പെട്ടന്നില്ല. മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ പറഞ്ഞതുപോലുള്ള ഒരു റോഡിന്റെ ആവശ്യം ആ ദ്വീപിലില്ല. ചേന്ദമംഗലവുമായിട്ടു ഗോതുരുത്തിനെ ഘടിപ്പിച്ചാൽ അങ്ങിനെ ഒരു റോഡിന്റെ ആവശ്യമുണ്ടു്. അതിനു വേണമെങ്കിൽ ഒരു പാലം കെട്ടണം. അങ്ങിനെ ഒരു പാലത്തിന്റെപണിക്കു് ഇപ്പോൾ നിവൃത്തിയില്ല. മിക്കവാറും പഞ്ചായത്തിൽനിന്നു ചെയ്യേണ്ട ഒരു വേലയായിരിക്കും. ഈ റോഡുപണി പഞ്ചായത്തുവഴിയോ പബ്ലിക്ക് വർക്സ്വഴിയോ ഏതുവഴിക്കാണു ചെയ്യേണ്ടതെന്നു ഗവൺമെണ്ടു് ആലോചിക്കാം. പക്ഷെ, ഇപ്പോൾതന്നെ അതു നടത്തണമെന്നു പറഞ്ഞു നിർബന്ധിക്കരുതു്. ഉപക്ഷേപം പിൻവലിക്കാൻ ഞാനപേക്ഷിക്കുന്നു.

മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടിമേനോൻ; ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിമൂലം ഞാൻ ഈ കട്ട്മോഷൻ പിൻവലിക്കുന്നതിനു സഭയുടെ അനുവാദം ആവശ്യപ്പെടുന്നു.

Motion, by leave, withdrawn.

CUT MOTION No 5

മിസ്റ്റർ എ. എം. തോമസു്: *To reduce the allotment of Rs. 5,67,179 fo Communications original works Civil Engineering in Demand No. 32 by Re. 1- (To bring to the notice of the Government the urgent necessity of taking steps to complete the Udayamperoor Vettikal Road.)*

സർ, ഉദയംപേരൂർ വെട്ടിക്കൽ റോഡിന്റെ പണി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തുണ്ടെന്നു് എനിക്കറിയാം. അതിന്റെപണി കുറെദൂരംവരെ കഴിഞ്ഞിട്ടുമുണ്ടു്. അവിടെനിന്നു് കിഴക്കോട്ടു് വെട്ടിക്കൽവരെ തുടരേണ്ടതാണു്. രണ്ടു ചെറിയനിലങ്ങൾമാത്രം നിരപ്പാക്കിയാൽ ആ റോഡു് വാഹന ഗതാഗതസൗകര്യമുള്ളതാക്കിത്തീർക്കാൻ വിഷമമില്ല. ചിലവും കുറച്ചുവരികയുള്ളൂ. കൂടാതെ ഈ റോഡു് വാഹനഗതാഗതത്തിനു് സൗകര്യമാക്കുന്നപക്ഷം ഇപ്പോൾ തുപ്പുണിത്തുറ ഡ്രെയിനേജ്കനാൽ തുടങ്ങിയിരിക്കുന്നതുകൊണ്ടു് കൂടുതൽ ഉപകാരപ്രദമാണു്. അതുകൊണ്ടു് ഇതു് ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പ്രത്യേകം യണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നു.

Mr. K. K. Kannan *(Depressed-Classes Kanayannur):* I second the motion.

*Mr. P. Govinda Menon *(Minister for Finance and Law):* Sir, the Departmental decision on this matter is as follows: The work on this road is being attended to part by part, for the past two months, with the expenditure for road maintenance and a further expenditure of about Rs. 1,000 will be required to complete the work. In the next two years the work will be completed.

Mr. A. M. Thomas *(Kanayannur):* In view of the Minister's assurance I beg leave of the House to withdraw the motion.

Motion, by leave, withdrawn

CUT MOTION No. 6

Mr. P. S. Madhavan Vaidyar *(Nominated):* To reduce the allotment of Rs. 5,67,179 for Public Works—B. Civil Engineering Communication in Demand No. 32 by Re. 1.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

(മുക്കനിക്കര പുഴയിൽ തോപ്പുകടവിൽ പാലം കെട്ടുന്ന കാര്യത്തിൽഗവൺമെണ്ടു ശ്രദ്ധിപ്പിക്കുന്ന അമാന്തം).

സർ, ഈ ഉപക്ഷേപത്തിൽ പറഞ്ഞിട്ടുള്ള സംഗതി അടുത്ത ബഡ്ജറിൽ ഉൾപ്പെടുത്തിച്ചിട്ടുള്ളതായി ഞാൻ അറിഞ്ഞതുകൊണ്ടു് ഇതു് അവതരിപ്പിക്കുന്നില്ല.

Not moved

CUT MOTION No. 7

മിസ്റ്റർ എ. എം. തോമസ്: *To reduce the allotment of Rs. 5,67,179 for communications original works (Civil Engineering in Demand No. 32 by Re. 1. (To bring to the notice of the Government the urgent necessity of improving the Kanjiramittam — Velianad Road and make it fit for Vehicular traffic).*

സർ, ഈ റോഡ് മുളന്തുരുത്തിമുതൽ തെക്കോട്ടു് തിരുവിതാംകൂർ അതിർത്തിവരെയുള്ള പ്രദേശങ്ങളിലേക്കു വളരെ ഉപകാരപ്രദമാണു്. ഇപ്പോൾ ഏതാണ്ടു് പഞ്ചായത്തു് റോഡെന്നു നാമകരണംചെയ്യുന്ന ഒരു റോഡുണ്ടു്. വാഹനഗതാഗത സൗകര്യം ഇല്ലാത്ത ഇടക്കാട്ടുവയൽ, കൈപട്ടൂർ, ആമ്പല്ലൂർ മുതലായ വില്ലേജു നിവാസികൾക്കു് ഈ റോഡുവളരെ ഉപകാരപ്രദമായിരിക്കും. പബ്ലിക്കുവർക്സു് മിനിസ്റ്റർതന്നെ തിരഞ്ഞെടുപ്പു പ്രചരണാർത്ഥം അവിടെവന്നപ്പോൾ അവിടെയുള്ള ബുദ്ധിമുട്ടു കണ്ടിട്ടുണ്ടായിരിക്കും—അദ്ദേഹംതന്നെയല്ല; പേഴ്സണലായി മറ്റാരാണെങ്കിലും ഉദാഹരണത്തിനു് പറയുകയാണു്—അദ്ദേഹം അരമുക്കാൽ മണിക്കൂർ സമയം നടന്നപ്പോഴേക്കും തളർന്നുപോയി. അതൊരു കാട്ടുപ്രദേശമാണു്. അതൊരു നാടൻപ്രദേശമാക്കുവാൻ പണം കൂടുതൽ വേണമെങ്കിലും ഇതു് നീക്കിവെക്കാവുന്ന ഒരുസംഗതിയല്ല. ഈകാര്യത്തിൽ ഗവൺമെണ്ടിന്റെഭാഗത്തുനിന്നുള്ള അനുഭാവശ്രദ്ധമാണു്.

***Mr. P. Govinda Menon** *(Minister for Finance and Law):* Since the receipt of this cut motion, it has not been possible for me to thoroughly examine the point raised in this cut motion. But, I understand, that the road referred to is neither a Public Works Road nor a Panchayat Road. It is a Poramboke lane, the maintenance of which has not yet been taken up by the Panchayat Department. The distance to be covered is about 4½ miles and on enquiry it is understood, from the Overseer that a few lakhs of rupees will be required to complete it into a road fit for vehicular traffic. Under these circumstances I have to state, nothing further about it. Further examination will be required and I would request the Hon'ble Member who moved the motion to give me time to examine the question.

Mr. A. M. Thomas *(Kanayannur):* Since the Hon'ble Minister wants time to examine the question, I beg leave of the House to withdraw the motion.

Motion, by leave, withdrawn

CUT MOTION No 9

ഡോക്ടർ മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: *To reduce the allotment of Rs. 5,67,179 for Public Worys B. Civil Engineering Works— (b) other original works in Demand No. 32 by Re. 1.. (To make the Government realise the slowness of execution of works by the Public Works Department.)*

സർ, പബ്ലിക്കുവർക്സു് ഡിപ്പാർട്ടുമെണ്ടിൽ കുറെക്കാലമായി ജോലി വളരെ മന്ദഗതിയിലാണു നടന്നുകൊണ്ടിരിക്കുന്നതെന്നു പറയാതെതരമില്ല. പ്രജാധിപത്യവും എക്സിക്യൂട്ടീവു് എഞ്ചിനീയർന്മാരും കൂടിയപ്പോൾ മുഴവനമായി. മുന്നത്തിത്തോം മാറാമടിക്കയില്ല. (Too many cooks spoil the broth) പെരിങ്ങൽകുത്തിനെപ്പോലുള്ള വലിയ സ്കീമുകളെക്കുറിച്ചുഞാൻ പറയുന്നില്ല. ഞാൻ നിത്യവും കണ്ടുകൊണ്ടിരിക്കുന്നതും അനുഭവിച്ചുവരുന്നതുമായ സ്ഥലങ്ങളെപറ്റിയാണു പറയുന്നതു്. ഇതുപോലെ മറവള്ളസ്ഥലങ്ങളിലുമുണ്ടെന്നു പേപ്പർ വായിച്ചാലും കാണാവുന്നതാണു്. ഒരു സംഗതിമാത്രം ചൂണ്ടിക്കാണിക്കാം. ബോംഗാട്ടി, എറണാകുളം, ഫെറിജെട്ടിയുടെ കാര്യം ഞാൻ മുമ്പുകാട്ടുകാരിയായതുകൊണ്ടു മാത്രം പറയുന്നതാണെന്നു വിചാരിക്കരുതു്. സത്യമായകാര്യമാണു്. (ചിരി). അതുകൊണ്ടു് ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പർമാരോടു പറയുവാനുള്ളതു് തദ്ദേശവാസികളുടെ കാര്യം ഞാനല്ലാതെ പിന്നെ ആരു പറയും എന്നാണു്. ഫ്രഞ്ചുകാർ ബോംഗാട്ടിജെട്ടി ജീർണ്ണിച്ചു് കിടന്നിരുന്നതുകൊണ്ടു് വയസ്സായ സ്ത്രീകൾ, പെറിയകുട്ടികൾ മുതലായവർ അവിടെനിന്നു താഴെവീണു പലേ അപകടങ്ങളുമുണ്ടായിട്ടുണ്ടു്. അഞ്ചുവയസ്സുമുതൽ കുട്ടികൾ പഠിക്കുന്നതിനായി എറണാകുളത്തുവന്നുപോകുന്നുണ്ടു്. ആ ജെട്ടി കെട്ടുന്നതിനുള്ളപണം ഫ്രഞ്ചുകാർ പാസ്സായിട്ടു് ആ പണി നടത്തിയില്ല. ഒരു ദിവസം ഞാൻ ബഹുമാനപ്പെട്ടമന്ത്രിയെ ചെന്നുകണ്ടപ്പോൾ അതു് ഉടനെ നടത്താമെന്നു മറുപടിപറഞ്ഞു. അതിനു

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Dr. (Mrs.) T. Francis]

ശേഷം അതു നടത്തിക്കണ്ടു. അതെത്രയോ ആപത്തുകൾ ഉണ്ടായതിന്നുശേഷമാണ്. അതിന്നുശേഷം എറണാകുളംപാലം പൊളിഞ്ഞ് വിടവുകൾഉണ്ടായിത്തുടങ്ങി. ഒരു ദിവസം ഞാൻതന്നെ ബോർഡംഗമായിരിക്കുമ്പോൾ ആ പാലത്തിൽ നിന്നിരുന്ന ഒരു കുട്ടിയുടെ കാൽ വിടവുകളിലേക്കു ചാടി. ഇങ്ങിനെയുള്ള കാര്യങ്ങൾ ഉത്തരവാദിത്വത്തോടുകൂടി ചെയ്തിക്കാത്തതുകൊണ്ടാണ് മോശമാകുന്നതു്. വളരെ ആവലാതികൾക്കുശേഷം പാലംപൊളിച്ചുപണിയാമെന്ന തീർച്ചയാക്കി, ഒരു കൺട്രാക്ടറിന്നു് അനുവാദം നൽകി. തൽക്കാലം ഒരു Temporary പാലം ഉണ്ടാക്കിട്ടുണ്ടു്. ആ കൺട്രാക്ടർ പണിപൂർത്തിയാക്കി റിപ്പോർട്ടുചെയ്തിട്ടും അധികാരികൾ വന്നുനോക്കി, പാലംശരിയായി ഇനി ബോട്ട് അടുപ്പിക്കാമെന്നുള്ള അനുവാദം നല്കുണ്ടതിന്നും മാസം ഒന്നു കഴിഞ്ഞിരിക്കുന്നു. അധികാരികൾക്കു് ഈ കാര്യത്തിൽ യാതൊരു ചിന്തയും കാണുന്നില്ല. ഇതിന്റെ ഇടയിൽ ഈ കഴിഞ്ഞ ആഴ്ചയിൽ പണിതുകൊണ്ടിരിക്കുന്ന പാലത്തിന്റെ അടുത്തു് വളരെമോശമായ ഒരു താൽക്കാലിക ജെട്ടിയിന്മേൽ ആയിരുന്ന ബോട്ടടുത്തുകൊണ്ടിരുന്നതു്. ആ പാലത്തിന്മേൽനിന്നു് ഒരു കിഴവി താഴത്തു വീണു. ഈ സംഗതികൾ അറിയിച്ചിട്ടും യാതൊരു അനക്കവുമില്ല. അഞ്ചുദിവസംമുമ്പുവരെ പുതിയപാലത്തിന്മേൽ ബോട്ടടുപ്പിക്കുന്നതിനും യാതൊരനുവാദവും അധികാരിയുടെപക്കൽനിന്നു സിദ്ധിച്ചിട്ടില്ലായെന്നാണ് അറിയുന്നതു്. പഴയകാലത്തു് ഒരു ചീഫ് എഞ്ചിനീയരും ഒരു അസിസ്റ്റണ്ട് എഞ്ചിനീയരും ഒരു ഓവർസിയരും മാത്രമെ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇപ്പോഴാകട്ടെ നമ്മുടെ നാട്ടിൽ ആവശ്യത്തിലധികം എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഓവർസിയർമാരും മറ്റും ഉണ്ടായിരുന്നിട്ടും ജനാധിപത്യം ഒന്നുകൂടിവളർന്നപ്പോൾ ഈ വക കാര്യങ്ങളിൽ യാതൊരുനോട്ടവും ഇല്ലാതെയായി. ഇങ്ങിനെയുള്ളസംഗതികളെപ്പറ്റി ഉത്തരവാദിത്വമുള്ളവരോടു് എത്രതന്നെ ആവലാതിപ്പെട്ടാലും ദിനപത്രങ്ങൾ മുഖേന സംഗതികൾ അറിഞ്ഞിരുന്നാലും ഉത്തരവാദപ്പെട്ടവർക്കു യാതൊരു അനക്കവുമില്ല. എറണാകുളത്തു് ഇത്ര ഉപേക്ഷകൾ ഉണ്ടാകേണമെങ്കിൽ ഗ്രാമീണരുടെ പ്രാദേശിക വിഷമങ്ങളെപ്പറ്റി പ്രസ്താവിക്കേണ്ടതുണ്ടോ? ഇതു് അധികാരത്തിലിരിക്കുന്നവർ ശ്രദ്ധവെക്കാത്തതു കൊണ്ടാണെന്നു് എനിക്കു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ആയതുകൊണ്ടു് ഇനിയെങ്കിലും ഇതു് ഒട്ടും താമസിക്കാതെ കാര്യക്ഷമമായി നടത്തിച്ചുതന്നാൽ കൊള്ളാമെന്നുള്ള അപേക്ഷയോടുകൂടി തൽക്കാലം വിരമിച്ചുകൊള്ളുന്നു.

Mr. A. K. George *(Kattur):* Mr. President' Sir, I rise to support the cut motion moved by the Hon'ble Dr. Mrs. T. Francis. Well, I feel that I should repeat what I have stated in the Budget speech. As referred to by the Hon'ble Mover, we have more engineers than all roads and lanes put together. And with all these engineers as referred to again by the Hon'ble Mover the maintenance of the roads is very poor and the execution of the works is very slow. I again draw the attention of the House—I feel much about it, but I can't help it—I want to draw the attention of the House in considering this cut motion that they should pay more and more attention to the one thing which I have discussed in detail in my Budget speech, that is the Peringalkuthu scheme. If you want to see the slowness of the Public Works Department in a large measure, it can be seen very vividly on the work spot in Peringalkuthu. Well, in the light of certain questions put to the Hon'ble Minister in charge of the Public Works Department on the floor of this House to-day, he said that the Peringalkuthu scheme which employes so many people and to that extent it eases out the unemployment problem will be completed the first stage of the work will be completed in the year 1952. But without prejudice to the Hon'ble Minister for Public Works Department—please excuse me for referring to this with the little knowledge that I have had occasion to gather from the work spot, of course with a layman's knowledge and that without anymore exaggeration, I can say that this work will not be completed anywhere near 1952. Well, I can say to the discredit of this Department that out of 4,000 feet of tunnelling we find only 400 feet completed within a couple of years. With a little bit of knowledge in mathematics, if we look at this problem, is it too much if I say that the tunnelling part of the work will take at least 10 years for completion. There you find the slowness of the Public Works Department. Coming to the Constituency which I have the privilege to represent in this House, that is, the Constituency of Kattur, I have had occasion, during my election campaign to go out and see how things are going on there. There also, on one small piece of work, the slowness of the Public Works Department is seen. For a bund a contract had been given by the Public Works Department to complete the breaches on the

LIBRARY ARCHIVES Kerala Legislative Assembly

bund from Pudukad to Thottipal. That is a portion of my constituency. Those breaches are still there. I cannot explain the delay. Then again coming nearer to Karuvannur there is a sluice on the bund that is called the Karuvannur bund. There also the sluice, the work of which has been started just a year back, is still not anywhere near completion and the people used to look at me and say that either we want the completion of the work or let the sluice be removed "ഭിക്ഷ കിട്ടിയില്ലെങ്കിലും പട്ടി കടിക്കരുത്" That is what they say. So, in the light of these things, I am sure, that very many Hon'ble Members of this House can bring about such instances where we find the slowness of the Public Works Department. I appeal to the Government and to this House that steps must be taken to see, as referred by the Hon'ble Mover of this motion, that too many cooks must not spoil the broth, and we must see that the proof of the pudding is in the eating thereof.

മിസ്റ്റർ വി. കെ. അച്യുതമേനോൻ: സർ, ഈ ഉപക്ഷേപത്തെപ്പറ്റി എനിക്ക് സംസാരിക്കുവാനുള്ളത് എന്റെ നിയോജകമണ്ഡലത്തിലുള്ള ഒന്നോ രണ്ടോ സംഗതികളെ സംബന്ധിച്ചാണ്. ദേശമംഗലം നിയോജകമണ്ഡലത്തിൽ തിപ്പുള്ളി എന്ന ഒരു സ്ഥലം ഉണ്ട്. ആ സ്ഥലത്തെപ്പറ്റി അധികം ആരും മനസ്സിലാക്കുവാൻ ഇടയായിട്ടില്ലെന്നു തോന്നുന്നു. കേവലം തിരഞ്ഞെടുപ്പു സമയത്തല്ലാതെ ആരും അവിടെ എത്തിനോക്കാറില്ല. ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ ആ ഭാഗത്തെപ്പറ്റി നിശ്ചയം ഉണ്ടോ എന്ന് സംശയമാണ്. അതിനുള്ള കാരണം അവിടേക്ക് റോഡുകൾ ഒന്നും ഇല്ലാത്തതാണ്. എന്നാൽ ആ ഭാഗത്തേക്ക് ഒരു റോഡുണ്ടാക്കുവാൻ രണ്ടു കൊല്ലം മുമ്പ് land acquisition നടത്തി പോയിട്ടും ഇതുവരെ പണി യാതൊന്നും ചെയ്തിട്ടില്ല. Land acquisition ചെയ്യപ്പെട്ട സ്ഥലങ്ങൾ കൃഷിചെയ്യുവാൻ സൗകര്യപ്പെട്ടതായിരുന്നു. Land acquisition ചെയ്തുകൊണ്ട് റോഡ് ഉണ്ടായിട്ടില്ല എന്നു മാത്രമല്ല അവിടെ കൃഷി ചെയ്യുവാനുള്ള സൗകര്യവും കൂടി ഇല്ലാതായി. ഇതുകൊണ്ട് വലിയ നഷ്ടമാണ് ജനങ്ങൾക്കുണ്ടായിരിക്കുന്നത്. പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ടുമെന്റിലെ അനാസ്ഥയെപ്പറ്റി പറയുകയാണെങ്കിൽ ഞാൻ തന്നെ അനുഭവം ഇവിടെ പറയാം. കുണ്ടിയുടെ ആവശ്യത്തിലേക്ക് ഒരു Engine വെച്ചു കിട്ടുന്നതിനുവേണ്ടി പെരുന്തൽമണ്ണയിൽനിന്നും, ചീഫ് എഞ്ചിനീയർക്ക് ഒരു കമ്പി അടിക്കുകയുണ്ടായി. ആ കമ്പി അദ്ദേഹം Executive Engineer ക്ക് forward ചെയ്തു. അവിടെനിന്നും അത് Asst. Engineer വഴി തിരിഞ്ഞുമറിഞ്ഞു Work Superintendent ന്റെ അടുക്കൽ എത്തിയതിനുശേഷം അദ്ദേഹമാണ് സ്ഥലത്തു വന്നത്. അതുകൊണ്ട് ഇങ്ങിനെയുള്ള അനാസ്ഥകൾ കൂടാതെ കാര്യങ്ങൾ വേണ്ടമാതിരി ഉദ്യോഗസ്ഥന്മാരായി നടത്തണമെന്നു പറഞ്ഞുകൊണ്ടു തൽക്കാലം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ: സർ, വക്കിന്റെ വേഗത കൂട്ടണം എന്ന് ഇവിടെ പറയുകയുണ്ടായി. അതുപോലെ തന്നെ പെരിങ്ങൽകുത്ത് പദ്ധതിയെപ്പറ്റി ഒരു സംഗതി ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ പ്രോജക്ടിനെപറ്റിയുള്ള അഭിപ്രായ പ്രകടനങ്ങൾ, സംഗതികൾ മുഴുവനും മനസ്സിലാക്കാതെ കൊണ്ടാണെന്ന് വിചാരിക്കുവാൻ ഇടയാകത്തക്കവിധത്തിലുള്ള അഭിപ്രായ പ്രകടനങ്ങൾ വരുന്നുണ്ട്. വേഗത ഇല്ലെന്നു ആ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം പറയുവാൻ തരമില്ലെന്നാണ് എനിക്കു പറയുവാനുള്ളത്. കഴിഞ്ഞകൊല്ലം ചില പ്രത്യേക കാരണങ്ങളാൽ ഏതെങ്കിലും പണി നടത്തുന്ന കാര്യത്തിൽ വേഗതക്കുറവ് വന്നിട്ടുണ്ടായിരിക്കാം. ഫസ്റ്റ് ഒക്ടോബറിൽ മുന്നാംഘട്ടം പണികഴിയും എന്ന് ചീഫ് എൻജിനിയർ പറയുന്നുണ്ട്. ഈ ബഹുമാനപ്പെട്ട സഭ ഒരു സംഗതി ഓർക്കുവാനുണ്ട്. ഇങ്ങിനെയുള്ള പ്രോജക്ടുകളിൽകുറച്ചൊക്കെ അതു നടത്തുന്ന ആളുടെ ഔചിത്യത്തിനു വിട്ടുകൊടുക്കേണ്ടതായിവരും. ചില പാഴ്ചിലവുകളും സഹിക്കേണ്ടിവരും, നഷ്ടങ്ങൾ വരാതിരിക്കുവാൻ ശ്രദ്ധിക്കണ്ട എന്നല്ല പറയുന്നത്. എത്രകിലും ഒരു പണി നടത്തുമ്പോൾ അതു അങ്ങിനെയല്ല ചെയ്യേണ്ടതു, ഇങ്ങിനെയല്ല ചെയ്യേണ്ടതു എന്നെല്ലാം ആർക്കും പറയാൻ സാധിക്കും. അങ്ങിനെയുള്ള നിരൂപണങ്ങൾ ശരിയായിരിക്കണമെന്നില്ല. വിവരങ്ങൾ ശരിക്കറിയാതെയുള്ള വിമർശനങ്ങൾകൊണ്ട് ഈ പദ്ധതിയുടെ നടത്തിപ്പിനു വിഘ്നമുണ്ടാക്കുന്നതു നന്നായിരിക്കുകയില്ല. വേഗം പണി തീർന്നില്ലെങ്കിൽ വരാവുന്ന നഷ്ടത്തെപ്പറ്റി ഓർക്കേണ്ടതാണ്. രണ്ടു മൂന്നു മെമ്പർമാർ ഇതു ഏതെങ്കിലും കമ്പനിക്കാരെകൊണ്ട് ചെയ്യിച്ചാൽ തരക്കേടില്ലെന്നു പറയുകയുണ്ടായി. പൈക്കാറയിലും, പള്ളിവാസലിലും മറ്റും ഇവിടെ നമ്മൾ ചെയ്യുന്നതുപോലെതന്നെയാണ് പണിനടത്തിയതു. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Ayyappan]

വേറെ വല്ല സ്ഥലങ്ങളിലും ഇതു പോലെയുള്ള പദ്ധതികൾ കൺടാക്ട് കൊടുത്തിട്ടുണ്ടോ എന്നു് അറിയുകയില്ല. അധികവും ഡിപ്പാർട്ടുമെൻറലായിട്ടു തന്നെയാണു് നടത്തിവരാറുള്ളതു്. പിന്നെ നമ്മൾ ചെയ്യുന്നമാതിരിതന്നെ ചില്ലറയായിട്ടുള്ള വല്ല പണികളും കൺടാക്ട് കൊടുക്കുന്നുണ്ടാവാം. ഇപ്പോൾ നമ്മുടെ പണി ഒരു മദ്ധ്യഘട്ടത്തിൽ എത്തിയിരിക്കുന്ന ഈ അവസരത്തിൽ ഇതു് കൺടാക്ട് കൊടുക്കേണ്ടതാണെന്നും, ആ കാര്യത്തെക്കുറിച്ചു് ഗവൺമെണ്ടു് ആലോചിക്കേണ്ടതാണെന്നും ഒക്കെ പറഞ്ഞാൽ വലിയ വിഷമമാണു്. ഈ പദ്ധതിയുടെ പ്രാരംഭഘട്ടങ്ങളിൽ ഇന്ത്യയിലെ ഒരു വലിയ വിദഗ്ദ്ധന്റെ പരിശോധന കഴിച്ചാണു് ഓരോരോ പ്രധാന ഇനം വേലകളും തുടങ്ങിയതു്. ഈമാതിരി പദ്ധതികൾ പലതും നടത്തി പരിചയമുള്ള ഒരാളെയാണു് ചീഫ് എൻജിനീയരായി വച്ചിട്ടുള്ളതു്. ഇത്രയൊക്കെ അല്ലാതെ ഇതിലും കവിഞ്ഞു് എങ്ങിനെയാണു് ഒരു ഗവൺമെണ്ടിനു് പ്രവൃത്തിക്കുവാൻ സാധിക്കുക, ഈവക കാരണങ്ങൾ ബഹുമാനപ്പെട്ട സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരുവാൻ ഞാൻ ആശിക്കുന്നു. ഇങ്ങിനെ പറഞ്ഞതുകൊണ്ടു് കണ്ടമാനം കായ്ങ്ങൾ നടക്കുവാൻ അനുവദിക്കണമെന്നും ഗവൺമെണ്ടു് പറയുന്നതുപോലെ അനുസരിക്കണമെന്നും, ഈ നിയമസഭ ചൂണ്ടിക്കാണിക്കുന്ന ന്യൂനതകളെ പറ്റി ഗവൺമെണ്ടു് അന്വേഷിക്കുകയില്ലെന്നും പറയുന്നതായിട്ടു് ആരും തെറ്റിദ്ധരിക്കരുതു് എന്നു് ഒരു അപേക്ഷയുണ്ടു്.

ഡോക്ടർ മിസ്സിസു് ടി. ഫ്രാൻസിസു്: ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി ഇവിടെയുള്ള വൈഷമ്യങ്ങളെയെല്ലാം മനസ്സിലാക്കി പണികളെല്ലാം കഴിയുന്ന വേഗത്തിൽ ത്വരിതപ്പെടുത്തി കായ്ങ്ങൾ നടത്താമെന്നു പറഞ്ഞതുകൊണ്ടു് ഇപ്പോൾ നിലവിലുള്ള പണികളുടെ സാവധാനത്വം ഉടനെ തീരുമെന്നുള്ള പ്രതീക്ഷയോടുകൂടിയും സഭയുടെ അനുവാദത്തോടുകൂടിയും ഞാൻ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

CUT MOTION No. 10

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: *To reduce the allotment of Rs. 5,67,179 for Public Works B. Civil Engineering—Communications—"other original works". Establishment in Demand No. 32 (A) by Re. 1. (The emergent need for starting relief works for the poor, unemployed and starving people especially of the coastal regions south of the Harbour, for which the Chellanam—Pandikudy Road works may be immediately taken up".)*

സർ, ചെല്ലാനം—പാണ്ടിക്കുടി റോഡിന്റെ പ്രാധാന്യം മനസ്സിലാക്കിക്കഴിഞ്ഞാൽ പിന്നെ ഒരുനിമിഷം താമസം വരികയില്ല അതിന്റെപണിനടത്തുവാൻ. ഫണ്ടു കൊല്ലങ്ങളായി, ആ റോഡു് വേണ്ടതാണെന്നു ഗവൺമെണ്ടു് തീരുമാനിച്ചിട്ടു്. അതിന്റെ പണിയെ സംബന്ധിച്ചു ചില പ്രാഥമിക സർവ്വേ മുതലായതു നടത്തി. പക്ഷെ അതുതന്നെ മുഴുവനായിട്ടുണ്ടെന്നു തോന്നുന്നില്ല. അതിനെ തുടർന്നു വേറൊന്നും നടന്നിട്ടില്ല. ആ റോഡിന്റെ ഏറ്റവും വലിയ പ്രാധാന്യം തിരുവിതാംകൂറിൽനിന്നു കൊച്ചിയിലേക്കു് കടത്തുകടാതെ ഒരു റോഡുണ്ടാക്കുക എന്നതാണു്. ഈ റോഡുമൂലം ഇപ്പോൾ അയൽപ്രദേശങ്ങളോടു പ്രായോഗികമായ യാതൊരു അടുപ്പവുമില്ലാത്തവിധം ഒറ്റതിരിഞ്ഞമാതിരി കിടന്ന പല അവശതകളും സഹിച്ചുവരുന്ന നമ്മുടെ സംസ്ഥാനത്തിന്റെ തെക്കുപടിഞ്ഞാറെ വിഭാഗങ്ങൾക്കു വാണിജ്യവ്യവസായപരമായ വലിയ ഒരു ഉണർവ്വിനും വികസനത്തിനും ഇടയാകുമെന്നതാണു്. നെല്ല, നാളികേരം മുതലായ ഉൽപന്നങ്ങൾ സുലഭമായി ഉണ്ടാകുന്ന ആ പ്രദേശങ്ങളിലെ ജനങ്ങൾക്കു് പുറമെ എങ്ങോട്ടെങ്കിലും കടക്കേണ്ടതിനും അവരുടെ ഉൽപന്നങ്ങളെ വിപണികളിലെത്തിച്ചേർക്കുന്നതിനും വഞ്ചിമാർഗ്ഗമേയുള്ളു. എന്നാൽ മറ്റു പ്രദേശങ്ങളിൽ ഉള്ളതിനേക്കാൾ വളരെ കൂടുതൽ ബുദ്ധിമുട്ടും ചിലവും സഹിച്ചു മാത്രമേ ചെല്ലാനം മുതലായ സ്ഥലങ്ങളിലെ ജനങ്ങൾക്കു ഗതാഗതവും വാണിജ്യവ്യവസായ പ്രവർത്തനങ്ങളും നടത്തുവാൻ സാധിക്കുന്നുള്ളു. കൃഷി ആവശ്യത്തിന്നായി തോടുകളിൽ ഇട്ടുവരുന്ന മുട്ടുകളുടെ മീതെകൂടി വഞ്ചികളും അവയിലുള്ള വസ്തുക്കളും പൊക്കിയെടുത്തു അപ്പുറമിപ്പുറം കടത്തിയാലല്ലാതെ ഗതാഗതം സാധ്യമല്ല. വൈദ്യസഹായവിഷയത്തിലാണു് ഏറ്റവും ദാരുണമായ അനുഭവങ്ങൾ ഈ സ്ഥിതിമൂലമുണ്ടാകുന്നതു്. പള്ളുരുത്തിയിലും എറണാകുളത്തുമാണു് ഇവിടേയ്ക്കു ഏറ്റവും അടുത്ത ആസ്പത്രികൾ സ്ഥിതിചെയ്യുന്നതു്. അവിടേയ്ക്കു രോഗികളെ ജീവനോടെ കൊണ്ടെത്തിക്കുക മിക്കവാറും അസാദ്ധ്യമായ ഒരു അഭ്യാസമാണു്. ഈവക കാരണങ്ങളെല്ലാം വെച്ചുനോക്കിയാൽ പ്രസ്താവത്തിലിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

റോഡിന്റെ പണി അടിയന്തിരമായി ഏറ്റെടുക്കേണ്ടതുതന്നെയാണെന്ന നിഷ്പ്രയാസം ബോദ്ധ്യമാകുന്നതാണ്. ഈ റോഡു പൂർത്തിയായാൽ കൊല്ലം, ആലപ്പുഴ മുതലായ തിരുവിതാംകൂർ പ്രദേശങ്ങളോടും മട്ടാഞ്ചേരി, എറണാകുളം മുതലായ കൊച്ചി പ്രദേശങ്ങളോടും ഇപ്പോൾ അടുപ്പമില്ലാതെ കിടക്കുന്ന ചെല്ലാനം മുതലായ സ്ഥലങ്ങൾ കൂടുതൽ ബന്ധപ്പെട്ട വാണിജ്യം, വ്യവസായം, വൈദ്യസഹായം മുതലായ കാര്യങ്ങളിൽ അത്യാവശ്യം വേണ്ടതായ വലിയ ആശ്വാസങ്ങൾ അനുഭവിക്കുവാൻ ഇടയാകുന്നതാണ്. തിരുവിതാംകൂർ ഗവണ്മെണ്ട് അവരുടെ സംസ്ഥാനാന്തരത്തിലെ റോഡു ശരിയാക്കുവാൻ എടുപ്പാടുകൾ എടുത്തുകഴിഞ്ഞു. ഈ നിലക്കു നാം ഇക്കാര്യത്തിൽ നമുക്കുണ്ടായിട്ടുള്ള അലസതയെ ഉടനെ കൈവെടിഞ്ഞു മുന്നോട്ടിറങ്ങേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ചെല്ലാനം—പാണ്ടിക്കുടിറോഡ് പണി ഇനി ഒട്ടും നീട്ടിക്കൊണ്ടുപോകാവുന്നതല്ല. ഈ കൊല്ലത്തിലുമുണ്ട് അനിവാര്യമായ ഒരത്യാവശ്യമായി ഐകകണ്ഠ്യേന സമ്മതിക്കപ്പെട്ട ഒരു സംഗതി ഇത്രകാലം ഇട്ടു താമസിപ്പിച്ചുപോന്നത് അക്ഷന്തവ്യമായ ഒരപരാധം തന്നെയാണ്. ഇക്കാലഘട്ടത്തിൽ ഇതരപ്രദേശങ്ങളിൽ ഗവണ്മെണ്ടു ഇമ്മാതിരി സംഗതികളിൽ വരുത്തിക്കൊടുത്തിട്ടുള്ള അഭിവൃദ്ധിമാർഗ്ഗങ്ങൾ ചെല്ലാനം മുതലായ പ്രദേശങ്ങളിലെ നിവാസികളെ തങ്ങളുടെ ദുരവസ്ഥയെപ്പറ്റി കൂടുതൽ തപിപ്പിക്കുന്നുവെന്നു പറഞ്ഞാൽ അതു മറ്റു പ്രദേശങ്ങളുടെ അഭിവൃദ്ധിയിലുള്ള അസൂയകൊണ്ടല്ല എന്നു ധരിക്കണം. നമ്മുടെ സംസ്ഥാനത്തിന്റെ ഇതരപ്രദേശങ്ങളെ അപേക്ഷിച്ചു വളരെ ജനനിബിഡമായ ഈ സ്ഥലങ്ങളെ ഇനിമേലാൽ ഇങ്ങിനെ ത്യാജ്യകോടിയിൽ തള്ളിയിടരുതെന്നു പ്രത്യേകിച്ചും ഉൽബോധിപ്പിച്ചുകൊള്ളുന്നു. പൊതുജനങ്ങൾക്ക് ഈ റോഡുമൂലം ലഭിക്കുന്ന വലിയ സൌകര്യങ്ങൾക്കും അഭിവൃദ്ധിക്കും പുറമെ, ഗവണ്മെണ്ടിന്നു ഈ പ്രദേശങ്ങളെ കൂടുതൽ കാര്യക്ഷമമായി ഭരിക്കുവാനും സാധിക്കുന്നതാണ്. ചിലകാലങ്ങളിൽ പൊതുജനങ്ങളുടെയിടയിൽ വലിയ സംസാരവിഷയമായിരുന്ന ചില കരിഞ്ചന്ത എടുപ്പാടുകളെയും മറ്റും ഉൻമൂലനം ചെയ്യുവാനും ഈ റോഡു സഹായകമായിരിക്കും. കൂടാതെ കടലാക്രമണത്തിനും ഇതൊരു നിവാരണമാർഗ്ഗമായിത്തീരുമെന്നും എനിക്കു തോന്നുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ: കടലാക്രമണത്തിന്നു എങ്ങിനെയാണ് റോഡ് കൊണ്ട് പരിഹാരം ഉണ്ടാക്കുക?

മിസ്റ്റർ അലക്സണ്ടർ പറമ്പിത്തറ: ഈ റോഡു ഉണ്ടായാൽ അതിനെ നിലനിറുത്തുവാൻ കടലാക്രമണത്തെ തടയാതെ ഗവണ്മെണ്ടിനെക്കൊണ്ടു സാദ്ധ്യമല്ല. (ചിരി). അതുകൊണ്ടാണു ഞാൻ അങ്ങിനെ പറഞ്ഞത്. ഇതിനും പുറമെ ഇക്കാലത്ത് ഈ റോഡുപണി ആരംഭിക്കുന്നതിൽ വേറൊരു വലിയ ഗുണവും, ആവശ്യവും ഉണ്ട്. ഇന്നു നമ്മുടെ കടലോര പ്രദേശങ്ങളിലെ ജനങ്ങളെപ്പോലെ ദാരിദ്ര്യവും, പട്ടിണിയുംകൊണ്ടു കഷ്ടപ്പെടുന്ന മറ്റു യാതൊരു ജനവിഭാഗവും ഉണ്ടാകുമെന്നു തോന്നുന്നില്ല. ഏകദേശം രണ്ടു മാസമായി കടലിൽ നിന്നു യാതൊരുവക വരുമാനവും കിട്ടാതായിട്ട്. തൊഴിലില്ലായ്മ എല്ലാവിധത്തിലും മൂർദ്ധന്യാവസ്ഥയിലെത്തിയിരിക്കുന്നു. മൂന്നും, നാലും ദിവസത്തിലൊരിക്കൽ ഒരു ഊണു കഴിക്കുവാൻ വഴിയില്ലാതെ ആബാലവൃദ്ധം ജനങ്ങളും കഷ്ടപ്പെടുന്നുണ്ട്. സുഖക്കേടുകാക്കു് ബാർലിവെള്ളം കൊടുക്കുന്നതുപോലെയെങ്കിലും കഞ്ഞിവെള്ളം കുടിക്കുവാൻ സാധുക്കൾക്കു് അവിടങ്ങളിൽ ഇക്കാലങ്ങളിൽ സാധിക്കുന്നില്ല. ഇങ്ങിനെയുള്ള സന്ദർഭങ്ങളിലാണു് ഗവണ്മെണ്ടു് ക്ഷാമ നിവാരണ പണികൾ നടത്തേണ്ടതു്. ഇതിനടുത്തുള്ള തിരുവിതാംകൂർപ്രദേശമായ ചേർത്തലത്താലൂക്കിൽ തിരുവിതാംകൂർ ഗവണ്മെണ്ടു ക്ഷാമനിവാരണപ്പണികൾ ഇപ്പോൾതന്നെ ആരംഭിച്ചു കഴിഞ്ഞു എന്നറിയുമ്പോൾ ഇക്കാര്യത്തിനുകൂടുതൽ ഉപോൽബലം സിദ്ധിക്കുന്നു. പലതരം പണികൾ അവിടെ ക്ഷാമനിവാരണത്തിന്നായി ആരംഭിച്ചുകഴിഞ്ഞു. അക്കൂട്ടത്തിൽ ചില റോഡുനിർമ്മാണപണികളും ഉൾപ്പെടുന്നുണ്ട് നമുക്കു് അനുകരിക്കത്തക്ക ഒരുസംഗതിയാണിതു്. തൊഴിലില്ലാത്തവർക്കു തൊഴിലും ഗവണ്മെണ്ടിനു ലാഭവും, നമുക്കു സ്ഥിരമായ ഒരു റോഡും എളുപ്പത്തിൽ കിട്ടത്തക്കവണ്ണം ഈ ചെല്ലാനം-പാണ്ടിക്കുടി റോഡു പണി ഇനി ഒട്ടും നീട്ടിക്കൊണ്ടു പോകാതെ ഉടനടി ആരംഭിക്കുന്നതു ഏറ്റവും ബുദ്ധിപൂർവ്വകമായ ഒരു പ്രവൃത്തിയായിരിക്കുമെന്നു പറയേണ്ടതില്ലല്ലൊ. ഈ വക സംഗതികളെപ്പറ്റി ഗവണ്മെണ്ടു് അവഗാഢമായി ചിന്തിച്ചു ഈ റോഡു് നിർമ്മാണം ഏറ്റവും അടുത്തയവസരത്തിൽ തന്നെ തുടങ്ങി കഴിയുന്നത്ര വേഗത്തിൽ പൂർത്തിയാക്കുന്നതിന്നുവേണ്ട സകല പദ്ധതികളും ജാഗ്രതയായി അവലംബിക്കണമെന്നു് ഉൽബോധിപ്പിച്ചുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ സമർപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: ഈ ബഡ്ജറ്റോപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള പദ്ധതികളിൽ ചില മരാമത്തു പണികൾ ഗവൺമെണ്ടു നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളതായും മറ്റും ഇന്നത്തെ ചോദ്യോത്തരവേളയിൽ ഗവൺമെണ്ടുഭാഗത്തുനിന്നു പറയുകയുണ്ടായി. ആ കൂട്ടത്തിൽ പാണ്ടിക്കുടി-ചെല്ലാനം റോഡും ഉൾപ്പെടുത്തിട്ടുള്ളതായി കാണുന്നുണ്ട്. വളരെ കാലമായി ഈ റോഡു പണിയെ സംബന്ധിച്ചു ഗവൺമെണ്ടു് ആലോചിച്ചുകൊണ്ടിരിക്കുന്നതാണു്. പക്ഷെ ഇതുവരെ റോഡു് അവിടെ ഉണ്ടായിട്ടില്ല. പല പ്രദേശങ്ങളിലും, ചെല്ലാനത്തു മാത്രമല്ല, വില്ലേജുകളിലും റോഡില്ലാതെയുള്ള ബുദ്ധിമുട്ട വളരെ അധികമുണ്ടു്. ബഹുമാനപ്പെട്ട ഗവൺമെണ്ടു് ഒരു പക്ഷേ പറയുമായിരിക്കാം മറ്റുള്ള രാജ്യങ്ങളെ അപേക്ഷിച്ചു് കൊച്ചിരാജ്യത്തു് വളരെ അധികം റോഡുകൾ ഉണ്ടെന്നു്. എന്നാൽ അങ്ങിനെ ഒന്നോ, രണ്ടോ സ്ഥലങ്ങളിൽ മാത്രം വളരെ അധികം റോഡുകൾ ഉള്ളതുകൊണ്ടു് രാജ്യത്തിന്റെ ഉൾപ്രദേശങ്ങളിൽ വലിയ പ്രയോജനമില്ല. ഇന്നു് ഒരു പൊതുവഴിപോലും ഇല്ലാത്ത പല പ്രദേശങ്ങളും ഉണ്ടു്. അങ്ങിനെയുള്ള സ്ഥലങ്ങളിൽ റോഡുകൾ ഉണ്ടാക്കിക്കൊടുക്കത്തക്ക ഒരു പദ്ധതി ഗവൺമെണ്ടു് ഏർപ്പെടുത്തിയാൽ നന്നായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. പട്ടണങ്ങളിൽ ഫ ാ കൊല്ലക്കാലത്തേക്കു റോഡുകൾ പണിയുകയില്ലെന്നു ഗവൺമെണ്ടു് ഒരു ശപഥം ചെയ്യണമെന്നാണു് ഞാൻ പറയുന്നതു്. ഉൾനാടുകളിൽ റോഡുകൾ ഉണ്ടാക്കി പട്ടണപ്രദേശത്തുനിന്നുകൊണ്ടു താമസിക്കുന്ന ജനവിഭാഗത്തെ ഉദ്ധരിക്കുന്നതിനു ഗവൺമെണ്ടു മനസ്സുവയ്ക്കണം. അതുകൊണ്ടു് ഗവൺമെണ്ടിനു രണ്ടു കാര്യം സാധിക്കും. തൊഴിലില്ലായ്മയെ പരിഹരിക്കുവാനും, ആ ഭാഗത്തെ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുവാനും സാധിക്കുന്നു. അങ്ങിനെയുള്ള പദ്ധതികൾ ഗവൺമെണ്ടു് ഏറ്റെടുത്തു നടത്തണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ചെല്ലാനം-പാണ്ടിക്കുടി റോഡു് അങ്ങനെ പോയിട്ടു് വളരെക്കാലമായി. അതിനുശേഷം ഒന്നും ചെയ്യാത്തതിനാൽ ജനങ്ങളുടെ ഇടയിൽ വളരെ നിരാശയുണ്ടായിട്ടുണ്ടു്. ഇങ്ങിനെ അഞ്ചും, എട്ടും കൊല്ലം നീണ്ടുപോയി കഴിഞ്ഞാൽ ജനങ്ങൾക്കു് ഒരു വലിയ രോഷം തന്നെ ഗവൺമെണ്ടിനോടു തോന്നാതിരിക്കുകയില്ല. അതുകൊണ്ടു ഗവൺമെണ്ടു് ഒരു സ്കീംതയ്യാറാക്കി ഇന്നയിന്നറോഡുകൾ ഇന്നയിന്നസമയങ്ങളിൽ പണിതുടങ്ങുന്നതാണെന്നു പരസ്യം ചെയ്തു് അറിയിച്ചാൽ ജനങ്ങൾക്കു് ആശ്വാസകരമായി തീരുന്നതാണു്. അതുകൊണ്ടു് ഈ തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനുവേണ്ടിയെങ്കിലും നാട്ടുപുറങ്ങളിൽ റോഡുകൾ പണിയുവാനായി ഗവൺമെണ്ടു് ഒരു സ്കീം തയ്യാറാക്കി ഉടനടി നടപ്പിൽ വരുത്തണമെന്ന എന്റെ അഭിപ്രായത്തെ ഗവൺമെണ്ടിന്റെ പുനർവിചിന്തനക്കായി സമർപ്പിച്ചുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: സർ, ഒരു വെടിക്കു് രണ്ടുപക്ഷി എന്നതുപോലെയുള്ള ഫലമാണു് റോഡുപണികൾക്കുള്ള പദ്ധതി ഗവൺമെണ്ടു് കൃപവൽക്കരിക്കുകയാണെങ്കിൽ ഉണ്ടാകുന്നതു്. അന്നത്തെ ജനപ്രതിനിധികൾ വളരെ അടിയന്തിരമായും, ആവേശപൂർവ്വകമായും ആവശ്യപ്പെട്ടതിന്റെ ഫലമായിട്ടാണു് ആ റോഡു പദ്ധതി ഏതാനും കൊല്ലങ്ങൾക്കുമുമ്പു തന്നെ ഗവൺമെണ്ടു് ആലോചനക്കെടുത്തതു്. എന്നാൽ അന്നത്തെ ആ നിലയിൽ തന്നെ, ആ റോഡു് കടലാസിൽ പാണ്ടിക്കുടി ചെല്ലാനം റോഡായി ഇരിക്കുകയാണു്. ആ പേരിന്റെ അവസാനം വായിച്ചു നോക്കിയാൽ തന്നെ അവിടെ വഴിയില്ലാത്തതിന്റെ വിഷമം മനസ്സിലാകുന്നതാണു്. "ചെല്ലാനം" അതായതു നമുക്കും നമ്മുടെ പദ്ധതിക്കും അവിടെ ചെല്ലാൻ സാധിക്കുകയില്ല എന്നതാണോ ആ വാക്കിന്റെ ഗവൺമെണ്ടു് എടുത്തിരിക്കുന്ന അർത്ഥം? ഇങ്ങിനെയുള്ള കുഗ്രാമസ്ഥലങ്ങൾ ഇന്നു നമുക്കു് ചെല്ലാൻ സാധിക്കാത്ത വിധത്തിലാണു് ഇരിക്കുന്നതെങ്കിൽ നമ്മുടെ പ്രവർത്തനപരിപാടികൊണ്ടു യാതൊരു ഫലവും ഉണ്ടാവുകയില്ല. അന്നത്തെ ഭയങ്കരമായ ക്ഷാമത്താൽ കൊച്ചിയുടെ തെക്കു പടിഞ്ഞാറൻ ഭാഗത്തുള്ള എത്രയും ദാരിദ്ര്യം അനുഭവിക്കുന്ന ഒരു വിഭാഗക്കാർക്കു് അവരുടെ ഭയങ്കരമായ ദാരിദ്ര്യത്തിന്നു് ഒരു നിവാരണമായിട്ടാണു് അന്നത്തെ ബഹുമാനപ്പെട്ട ഗവൺമെണ്ടു് രണ്ടു കാര്യവും സാധിക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടി ഈ പദ്ധതി കൃപീകരിച്ചതു്. ഇന്നു അതിനേക്കാൾ ഭയങ്കരമായ ദാരിദ്ര്യമാണു് ഇന്നു അവിടങ്ങളിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നതു്. തെക്കുപടിഞ്ഞാറൻ ദിക്കുകളിൽ കടലോരങ്ങളിൽ താമസിക്കുന്ന ആളുകൾ മത്സ്യം പിടിച്ചു കഴിയുന്നവരാണു്. ഒരു നാലഞ്ചു മാസമായി ഒരു വക മത്സ്യവും അവിടങ്ങളിൽ കിട്ടുന്നില്ല. ആ ദിക്കുകളിൽ ഒന്നു സഞ്ചരിച്ചാൽ അറിയാം അവിടത്തെ ദാരിദ്ര്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ ഭയങ്കരമായ നില. അതിന്നുപരിഹാരമായിട്ടെങ്കിലും ഈ പദ്ധതി ഉടനടി നടപ്പിൽ വരുത്തേണ്ടതാണു്. എന്റെ അറിവിൽപെട്ടിടത്തോളം നാലഞ്ചു ദിവസങ്ങൾ തുടരെ ഒരു തുള്ളി കഞ്ഞിവെള്ളം പോലും കുടിക്കുവാൻ സാധിക്കാതെ തുയിട്ടുള്ള ഒരു നിലയാണു് അവിടത്തെ ചെറുക്കുടിലുകളിൽ ഉള്ളതു്. വേറൊരു കാരണം അവിടെ മറ്റു യാതൊരു വക തൊഴിലുകളും ഇല്ലാത്തതാണു്. അതിന്നു നിവാരണമായിട്ടു് ഈ റോഡുപണി ഉടനെ തുടങ്ങുമെങ്കിൽ ഒരു പരിഹാരമാകും. ദരിദ്രസഹസ്രങ്ങളുടെ കരച്ചിൽ നാം കണ്ടു എന്നാകും. ഈ പട്ടണനിവാസികൾ എന്നോടു പരിഭവിക്കുകയില്ലെന്നു കരുതുന്നു, ഈ ടെ 0അടി റോഡു്, Foreshore റോഡു എന്നീപണികൾ തൽക്കാലംനിറ്ത്തിവെച്ചു അതിന്നു എതെങ്കിലും സംഖ്യ വിനിയോഗിക്കുമെന്നു വെച്ചിട്ടുള്ളതു് ഈ പാവപ്പെട്ട ദരിദ്ര സഹോദരന്മാരുടെ രക്ഷക്കുവേണ്ടി വിനിയോഗിച്ചു കണ്ടാൽ കൊള്ളാം. പാണ്ടിക്കടവു-ചെല്ലാനം റോഡിനെ സംബന്ധിച്ചു ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചു ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ സൂചിപ്പിച്ചതുപോലെ തിരുവിതാംകൂർ ഗവണ്മെണ്ടു് റോഡു പണികൾക്കുള്ള പദ്ധതികൾ രൂപീകരിച്ചിട്ടുള്ളതിന്റെ പണികൾ ഏതാണ്ടു് അത്തിവരെ എത്തിവരികയാണു്. ഈ റോഡു് മറ്റൊരു തരത്തിൽ പറയുകയാണെങ്കിൽ അരൂർ വഴി ആലപ്പുഴക്കുപോകുവാൻ വളരെ സൌകര്യപ്പെട്ടതാണു്. അതുകൊണ്ടു് ആ റോഡിന്റെ പണി കഴിയുന്നതു വേഗത്തിൽ—എന്നു പറഞ്ഞാൽ പോരാ—ഏറ്റവും വേഗത്തിൽ തുടങ്ങുന്നതിന്നു മന്ത്രി അവർകൾ സത്വര നടപടികൾ എടുത്തുകണ്ടാൽ കൊള്ളാമെന്നാണു് എനിക്കു പറയുവാനുള്ളതു്. വ്യവസായികമായ പദ്ധതികൾ നാം രൂപീകരിച്ചു വരികയാണു്. അതിന്നു പുറമെ ഒരു ഐക്യകേരള ലക്ഷ്യവും നമ്മുടെ മുന്നിലുണ്ടു്. ഇതുപോലെ ഉള്ള പദ്ധതികൾ നമുക്കു് ഈ അവസരത്തിൽ അവശ്യം ആവശ്യമായിത്തീന്നിരിക്കുകയാണു്. ഞാൻ അധികം ദീർഘിപ്പിക്കുന്നില്ല. ഏറ്റവും വേഗത്തിൽ ആ പണി നടത്തുവാൻ വേണ്ട നടപടികൾ എടുക്കണമെന്നപേക്ഷിച്ചുകൊണ്ടു് ഉപസംഹരിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ: ഇതിനെ പറ്റി മുമ്പു പറഞ്ഞതിൽ കൂടുതൽ ഒന്നും പറയുവാനില്ല. ആദ്യം acquisition കഴിയണം. അതു കഴിഞ്ഞാൽ പണി തുടങ്ങാം. ബഹുമാനപ്പെട്ട മെമ്പർ മിസ്റ്റർ സെബാസ്റ്റ്യൻ പറഞ്ഞതുപോലെ ഈ പണി തുടങ്ങുവാൻ പട്ടണത്തിലെ പണി നീക്കിവെക്കേണ്ടതില്ല. പണമില്ലാത്തതുകൊണ്ടല്ല നടത്താത്തതു്. ബഹുമാനപ്പെട്ടമെമ്പർ മിസ്റ്റർ അലക്സാണ്ടർപറമ്പിത്തറ ഗവണ്മെണ്ടിനെകുറിച്ചു വളരെ നിർദ്ദയമായവിധത്തിലാണു്ധരിച്ചിട്ടുള്ളതു്. ഗവണ്മെണ്ടു്ഈ റോഡു രക്ഷിക്കുവാൻകാണിക്കുന്നതു ഔത്സുക്യം ജനങ്ങളെ കടലാക്രമണത്തിൽ നിന്നു രക്ഷിക്കുവാൻ കാണിക്കുന്നില്ലെന്നു സൂചിപ്പിച്ചതു വളരെ കഠിനമായിപ്പോയി എന്നു പറയാതെ തരമില്ല. അതുകൊണ്ടു ഗവണ്മെണ്ടു് കഴിയുന്നതും വേഗം റോഡു നിർമ്മാണത്തിന്നുള്ള നടപടികൾ എടുക്കുന്നതാണു്.

മിസ്റ്റർ പി. കെ. ഡീവർ: ഈ acquisition കഴിയാൻ എത്ര നാൾ വേണ്ടി വരും.

മിസ്റ്റർ കെ. അയ്യപ്പൻ: എത്രനാൾ വേണ്ടിവരുമെന്നു പറയാൻ സാദ്ധ്യമല്ല. കഴിയുന്നതും വേഗം നടത്താം. പിന്നെ ബഹുമാനപ്പെട്ട മെമ്പർമാർ alignment മാറണമെന്നും മറ്റും ജനങ്ങളുടെ ഇടയിൽനിന്നു പരാതികൾ വരാതെ കഴിക്കുവാൻ വേണ്ടത്തക്ക സഹായങ്ങൾ ചെയ്യണം. ഇതിനെകുറിച്ചു പല പ്രക്ഷോഭണങ്ങളും, തക്കങ്ങളും വരുവാൻ എളുപ്പമുണ്ടു്. ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള alignment ൽ തന്നെ റോഡു പണി നടത്തുന്നതിൽ പ്രക്ഷോഭണങ്ങളും, ബഹളങ്ങളും വരുത്താതിരുന്നാൽ കൊള്ളാമെന്നുണ്ടു്.

മിസ്റ്റർ സി. വി. ഐയ്യു: ബഹുമാനപ്പെട്ട മെമ്പറുടെ പരിശ്രമം കൊണ്ടു തന്നെ ഭൂമി കൈവശക്കാരുടെ കയ്യിൽ നിന്നു കച്ചീട്ടു വയ്പിച്ചു കൊടുത്താൽ acquisition വേഗം നടത്താമല്ലൊ.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: അതിന്നു വേണ്ടതൊക്കെ ശ്രമിക്കാം. ബഹുമാനപ്പെട്ട മന്ത്രി അവർകൾ കടലാക്രമണത്തെ തടയാനുള്ള എന്റെ നിർദ്ദേശത്തെ വിമർശിക്കുവാനിടയായതിൽ ഞാൻ വ്യസനിക്കുന്നു. റോഡു പണിയുടെ അത്യാവശ്യകതയെ എടുത്തുകാണിക്കാൻ വേണ്ടി മാത്രം അങ്ങിനെ പറഞ്ഞു പോയി എന്നേയുള്ളു. എതായാലും ഈ റോഡു നിർമ്മാണകാര്യത്തിൽ ഗവണ്മെണ്ടിന്റെ ശ്രദ്ധ പതിഞ്ഞിട്ടുള്ളതായും ഉടനടി വേണ്ടത്തക്ക നടപടികളെടുക്കുന്നതാണെന്നുമുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവ

LIBRARY ARCHIVES Kerala Legislative Assembly

[Mr Alexander Parambitharara]

നയിൽ വിശ്വസിച്ചുകൊണ്ടു സഭയുടെ അനുമതിയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

CUT MOTION No. 11

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: To reduce the allotment of Rs. 6,70,773 for Public Works—B- Civil Engineering—Works—3-Buildings in Demand No. 32 by Re. 1.

(എളങ്കുളംവില്ലേജിൽ ഇപ്പോൾ നടത്തിവരുന്ന വില്ലേജ്കച്ചേരി, പഞ്ചായത്താപ്പീസ്, ഗ്രാമീണവായനശാല എന്നിവകൾക്കു് സൌകര്യപ്രദമായ സ്ഥിരം സ്ഥാപനങ്ങൾ നിർമ്മിച്ചു അവയിലേക്കു മാറുകയും, വാടകകെട്ടിടത്തിൽ നടത്തിവരുന്ന ഇന്നത്തെ സമ്പ്രദായത്തെ താമസിയാതെ നിവർത്തൽചെയ്തു് ഗവൺമെന്റിന്റെ നഷ്ടപരിഹാരം വരുത്തേണ്ടതാണെന്നു ചൂണ്ടിക്കാണിക്കുവാൻ).

ഇതിനെപ്പറ്റി കൂടുതൽ പ്രസംഗിക്കുവാനില്ല. ഇതെല്ലാംകൂടി ഒരു കെട്ടിടത്തിലാണു് നടത്തുന്നതു്. ഉടനെ ഗവൺമെന്റു് അനേഷിച്ചു് ഒരു ഗവൺമെന്റുകെട്ടിടം പണിയിച്ചു് ആ കെട്ടിടത്തിലേക്കു് ഇതെല്ലാം മാറ്റിയാൽ നല്ലതാണെന്നെ ഉള്ളു. കൂടുതലായി ഒന്നും സംസാരിക്കുവാനില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: ബഹുമാനപ്പെട്ട മെമ്പർതന്നെ ഒരു കൺട്രാക്ടർ ആയതുകൊണ്ടു് അങ്ങിനെ ഒരു ശുപാർശ ചെയ്യുകയില്ലെന്നാണു് ഞാൻ വിചാരിച്ചതു്. പുതിയതായി ഒരു കെട്ടിടം കെട്ടിക്കുകയാണെങ്കിൽ വലിയ ചിലവു വരും.

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: അവിടെ സ്ഥലസൌകര്യം തീരെ ഇല്ല. അതുകൊണ്ടാണു് പറഞ്ഞതു്. ഇതു് പിന്നിട്ടു് ആലോചിച്ചു വേണ്ടതു ചെയ്താലും മതി. അതുകൊണ്ടു് തൽക്കാലം ഞാൻ ഈ ഉപക്ഷേപം പ്രസ്സുചെയ്യുന്നില്ല.

Motion, by leave, withdrawn

CUT MOTION No. 12

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: To reduce the allotment of Rs. 3,54,401 for Public Works—Civil Engineering—Works—Irrigation in Demand No. 32 by Rs 1. (കഴിഞ്ഞകൊല്ലത്തിൽ ടെണ്ടർ കൊടുത്തുകഴിഞ്ഞിട്ടുള്ളതും ഇതിനുമുമ്പുതന്നെ ഏകദേശം ൨൫,൦൦൦ ഉറുപ്പികയോളം ചിലവാക്കിക്കഴിഞ്ഞിട്ടുള്ളതുമായ എളങ്കുളം ബണ്ടിന്റെ പണി കഴിയുന്ന വേഗത്തിൽ പൂർത്തിയാക്കിത്തരണമെന്നു് ഗവൺമെന്റിനോടഭ്യർത്ഥിക്കുവാൻ)

സർ, എളങ്കുളം ബണ്ടു് എന്നു പറയുന്നതു് കുണ്ടന്നൂർപുഴയിൽ കെട്ടിയിരുന്ന ഒരു ബണ്ടാണു്. ൧൯൪൫-ൽ ഇതിന്റെ പണി പൂർത്തിയാക്കി. അതിന്റെ അളവും എടുത്തു കഴിഞ്ഞു. അതിനുശേഷം കൺട്രാക്ടർ പണവും വാങ്ങി. കുറെ കഴിഞ്ഞപ്പോൾ പുഴയായിത്തീർന്നിരിക്കുകയാണു്. അതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിതന്നെയാണെന്നു തോന്നുന്നു അവിടെപോയി സ്ഥലം സന്ദർശിക്കുകയും പണിനടത്തുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതാണു്. പണി തുടങ്ങി എങ്കിലും പൂർത്തിയാക്കിയിട്ടില്ല. ആയിരം ഏക്കർ നിലത്തിൽ ഇരുപ്പുകൃഷി ചെയ്യാവുന്ന ഒരു സ്ഥലമാണിതു്. ഇത്രവേഗം പൊട്ടിപ്പോകുന്ന തരത്തിൽ ഈ ചിറ എങ്ങിനെയാണു് കെട്ടിയതെന്നു് എനിക്കറിഞ്ഞുകൂടാ. അതുകൊണ്ടു് ഈ ചിറയുടെ പണി ഉടനെ തീർക്കണമെന്നു് പറയുവാൻ മാത്രമാണു് ഞാൻ ഈ ഉപക്ഷേപം കൊണ്ടു ഉദ്ദേശിച്ചിട്ടുള്ളതു്. ഇതിനെപ്പറ്റി ചിലവന്നൂർ നിവാസികളും അവിടത്തെ നാട്ടുകാരുംകൂടി ഒരു ആഴ്ചക്കുമുമ്പു് ഒരു മെമ്മോറാണ്ടംമൂലം ബഹുമാനപ്പെട്ട മന്ത്രിമാരുടെ ദൃഷ്ടിയിൽ പെടുത്തീട്ടുണ്ടു്. ഈ ചിറ പൂർത്തിയായിക്കഴിഞ്ഞാൽ ആയിരംഏക്കർ സ്ഥലത്തു് ഇരുപ്പുകൃഷി ചെയ്യാമെന്നതന്നെയല്ല ഈ ചിറ പണിയുമ്പോൾ തുപ്പുണിത്തുറനിന്നു് ഹാർബറിലേക്കു് വരുന്ന ആളുകൾക്കു് ഈ ബണ്ടു് വഴിക്കുവേണ്ടി ഉപയോഗപ്പെടുന്നതുമാണു്. അതുകൊണ്ടു് ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ അംഗീകരണത്തിനായി ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

*മിസ്റ്റർ കെ. അയ്യപ്പൻ: സർ, ഇതിനെസംബന്ധിച്ചു പറഞ്ഞിട്ടുള്ള സംഗതികൾ ശരിയാണെന്നാണു് കാണുന്നതു്. ഇതു് ൨൫ ശതമാനം above rate നു ഒരാൾക്കു് കൺട്രാക്ടുകൊടുത്തു. ആ ആൾ കുറെ കഴിഞ്ഞപ്പോൾ അതിൽനിന്നും ഒഴിഞ്ഞു. പിന്നിട്ടു് ആ പണിതന്നെ ആദ്യം ഉദ്ദേശിച്ചതുപോലെ ചെയ്തില്ല. ഇനി ഇതു് കൂടുതൽ ഉറപ്പിലും പരിസ്ഥാരത്തിലും പണിയുവാൻ തീർച്ചയാക്കിയിട്ടുണ്ടു്. അതുപ്രകാരം ൭ ൫,൦൦൦ ക. ഇതിനു വേണ്ടിവരും. അങ്ങിനെ ചെയ്യാതിരുന്നാൽ അതുകൊണ്ടു് പ്രയോജനമില്ല. ഞാൻ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

പോയിനോക്കിയ അവസരത്തിൽ തൂമ്പു മോശമായിരിക്കുന്നതായിട്ടാണു് കണ്ടതു. തൂമ്പു ശരിയാക്കണമെന്നു് പറഞ്ഞിരുന്നു. തൂമ്പു ശരിയാക്കിയായിരിക്കാം. ഇപ്പോൾ തൽക്കാലം പാടെവെക്കണമെന്നാണു് ഡിപ്പാർട്ടുമെണ്ടിൽനിന്നുള്ള ഗ്രൂപാശ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സ്ഥിതിക്കു അതിനെപ്പറ്റി വേണ്ട അന്വേഷണങ്ങളും നടത്തുവാൻ നോക്കാം എന്നേ ഇപ്പോൾ പറയുവാൻ നിവൃത്തിയുള്ളു.

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: സർ, ഇപ്പോൾ ഈ പണി വളരെ കായ്മായിട്ടുള്ള ഒന്നാണു്. അതുകൊണ്ടു് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കുടി കേട്ടാൽ കൊള്ളാമെന്നു് അപേക്ഷയുണ്ടു്. ഏകദേശം ൫ ൦, ൦ ൦ ൦ പറ നെല്ലു് ഉണ്ടാക്കാൻ സാധിക്കുന്ന ഒരു ബണ്ടാണിതു്. എന്തൊ പണിതതിലുള്ള കുറവംകൊണ്ടാണു് ബണ്ടു് പൊട്ടിപോയതു്.

Mr. E. Ikkanda Warriar (*Prime Minsiter*): I was sorry that I was not here. I will ask my friend to do whatever is possiple.

മിസ്റ്റർ കെ. അയ്യപ്പൻ: അതു് ആലോചിച്ചു് വേണ്ടതുചെയ്യാം.

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: ഉപക്ഷേപം ഞാൻ പിൻവലിക്കുന്നു.

Motion, by leave, withdrawn

CUT MOTION No. 13

മിസ്റ്റർ കെ.സി.മായൻകുട്ടിമേത്തർ: To reduce the allotment of Rs.3,54,401 for Publice Works B-Civil Engineering-works Irrigation in Demand No. 33 by Rs. 1. (ഉപ്പുവെള്ളംകയറി കൃഷി നശിക്കാതിരിക്കുന്നവിധത്തിൽ ചിറകളിൽ വെച്ചിട്ടുള്ള മരത്തൂമ്പുകളെല്ലാം മാറ്റി തൽസ്ഥാനത്തു് കോൺക്രീറ്റുതൂമ്പുകളും സ്ഥാപിച്ചു് ചിറകളെ കുറെക്കുടി ബലവത്താക്കിത്തീർക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്ന വസ്തുത ഗവൺമെണ്ടിന്റെശ്രദ്ധയിൽ പെടുത്തുവാൻ)

സർ, എളങ്കുളം വില്ലേജിലുള്ള തൂമ്പുകളെല്ലാം കേടുവന്നുപോയതുകൊണ്ടു് വെള്ളം കെട്ടിനിൽക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടു് ഇപ്പോൾ ഇരിക്കുന്ന മരത്തൂമ്പുകളെല്ലാം മാറ്റി തൽസ്ഥാനത്തു കോൺക്രീറ്റിന്റെ തൂമ്പുണ്ടാക്കിയാൽകൊള്ളാം.

* മിസ്റ്റർ കെ. അയ്യപ്പൻ: സർ, ഈ തൂമ്പുകൾ പല സ്ഥലങ്ങളിലും ഞാൻ പോയി നോക്കി. തൂമ്പുകൾ വേഗം കേടുവരുന്നതു് ഉപ്പുവെള്ളത്തിന്റെ ആകർഷൻകൊണ്ടാണെന്നാണു് പറയുന്നതു്. ഡിപ്പാർട്ടുമെണ്ടിനോടു ചോദിച്ചപ്പോൾ ഉപ്പുവെള്ളത്തിന്റെ ആകർഷൻകൊണ്ടു് കോൺക്രീറ്റിംഗ്കുടി കേടുവരുമെന്നാണു് പറയുന്നതു്. ഉപ്പുവെള്ളത്തിന്റെ ആകർഷൻ ഇല്ലാതാകുന്നതിനു മാവിൻ പലകകൾകൊണ്ടു തൂമ്പുകൾ കെട്ടുകയാണു് നല്ലതെന്ന ഒരു പ്രൊപ്പോസലുണ്ടു്. അപ്പോൾ ഈ കായ്ത്തക്കുറിച്ചും ആലോചിക്കാം. വാസ്തവത്തിൽ അടിഭാഗമിടുന്നതു് ശരിയാകാത്തതുകൊണ്ടാണു് ഈ തൂമ്പുകൾ വേഗം കേടുവരുന്നതു്. കോൺക്രീറ്റ തൂമ്പുകളാണു് ഈ നിലക്കു നല്ലതെന്നു് ഞാൻ സമ്മതിക്കുന്നു. ക്രമേണ കോൺക്രീറ്റ തൂമ്പുകൾ വെക്കേണ്ടിവരും. എങ്കിലും തൽക്കാലം മാവിൻ പലകകൾകൊണ്ടുള്ള തൂമ്പുകൾ വയ്ക്കുന്നതിനു് ഉടനെ വേണ്ടതുചെയ്യാം.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: മാവിൻ പലകകൾകൊണ്ടുള്ള തൂമ്പുകൾ വെച്ചാലും മതി. ഉപക്ഷേപം സഭയുടെ അനുവാദത്തോടുകുടി ഞാൻ പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

CUT MOTION No. 14

മിസ്റ്റർ എ. എം. തോമസ്സു്: മിസ്റ്റർ പ്രസിഡണ്ടു്, സർ, To reduce the allotment of Rs. 3,54,401 for Irrigation original works, (Civil Engineering) in Demand No. 32 by Re. 1. (To bring to the notice of the Government the urgent necessity of digging a canal from the Thottara Puncha to the backwatres to avoid the failure of crops in Edakkatuvayal and neighbouring villages and to raise the said Puncha Nilams to double crop land.)

President: We are putting the Demand to vote in a few minuntes.

മിസ്റ്റർ എ. എം. തോമസ്സു്: സർ, ഇന്നത്തെ മന്ത്രിസഭയുടെ അടിയന്തിര ശ്രദ്ധയെ ആകർഷിക്കേണ്ട ഒരു സംഗതിയാണിതു്. എന്റെ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്നതിനു ഭാഗ്യം സിദ്ധിച്ചിട്ടുള്ള എന്റെ മൻഗാമികളെല്ലാം തന്നെ ഈ തോട്ടറ പുഞ്ചയുടെ കായ്ത്തിൽ മുറവിളികൂട്ടിയിട്ടുള്ളതാണു്. എന്റെ മൻഗാമികളായിരുന്ന മിസ്റ്റർ പി. മാണിയും മിസ്റ്റർ ടി. പി. പൌലോസ്സും ഇതിനുവേണ്ടി പല പ്രയത്നങ്ങളും ചെയ്തിട്ടുണ്ടു്. അവരെല്ലാം ഒടുവിൽ ഭഗ്നാശയരാവുകയാണുണ്ടായതു്. എന്റെ ഉപക്ഷേപത്തി

* Speech not corrected by the Honb'le Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. M. Thomas]

ലടങ്ങിയ പദ്ധതി നടപ്പിൽ വരുത്തുന്നപക്ഷം ൪,൫ ൦ ൦ പറയോളമുള്ള നിലം ഇരുപ്പു നിലം ആക്കുവാൻ സാധിക്കും. ഇതൊരു മേജർ പ്രോജക്ടായിട്ടു കടമെടുത്തെങ്കിലും നടപ്പിൽ വരുത്തേണ്ടതു് ആവശ്യമാണു്. എന്നതന്നെയല്ല നമ്മുടെ ഫുഡ്ഡ് പ്രൊഡക്ഷൻ ഡ്രൈവിനും ഇതൊരു വലിയ സഹായമായിരിക്കും. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധവെക്കണമെന്നപേക്ഷിച്ചുകൊണ്ടു് ഞൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

*മിസ്റ്റർ കെ. അയ്യപ്പൻ: സർ, ഡ്രെയിനേജ് ആവശ്യത്തിനും ഉപ്പുവെള്ളം കയറാതെയിരിക്കുന്നതിനും വേണ്ടി അവിടെ ഒരു ബണ്ടു് ഇടുന്നുണ്ടെന്നാണു് P. W. D-ൽ നിന്നു് എഴുതി അറിയിച്ചിരിക്കുന്നതു്. അതുകൊണ്ടു് അവിടെ ബണ്ടിട്ടു ഉപ്പുവെള്ളം കയറാതെ നോക്കുന്നതാണു്. മകരത്തിലാണു് ബണ്ടിടുന്നതു്. ബണ്ടിട്ടാൽ കൃഷി ചെയ്യുന്നതിനുവേണ്ടിടത്തോളം വെള്ളം ചില സമയത്തു കിട്ടാതെ വരും. അതിനു് അവിടെ ഒരു ലോക്കും പമ്പും വെച്ചു് ചിറയിൽ വെള്ളം അധികമായാൽ വെള്ളം കളയുന്നതിനും വെള്ളം കിട്ടാത്ത കാലങ്ങളിൽ പമ്പുചെയ്തു കൃഷിക്കു് ആവശ്യമുള്ളവെള്ളം കൊടുക്കുന്നതിനും സാധിക്കും. ഈ എസ്റ്റിമേറ്റു ചെയ്തുവരുന്നുണ്ടു്. പക്ഷെ അതു വലിയ നിലയിൽ ചെയ്യുവാൻ തല്ക്കാലം സാദ്ധ്യമല്ല. ൧൫ ൦ ഏക്കർ നിലങ്ങൾക്കു് ഇതുകൊണ്ടു് പ്രയോജനമുണ്ടാകുമെന്നു കാണുന്നതുകൊണ്ടു് അതിനെപ്പറ്റി അന്വേഷിച്ചു വേണ്ടതു് ഉടനെ ചെയ്യാം.

മിസ്റ്റർ എ. എം. തോമസ്സ്: ഞാൻ ഈ ഉപക്ഷേപം സഭയുടെ അനുവാദത്തോടുകൂടി പിൻവലിച്ചു കൊള്ളുന്നു.

Motion, by leave, withdrawn

CUT MOTION No. 15

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: To reduce the allotment of Rs. 3,54,401 for Public Works—Civil Engineering—Irrigation in Demand No. 32 by Re. 1 (എളങ്കുളം വില്ലേജിന്റെയും എറണാകുളം വില്ലേജിന്റെയും അതുത്തിതോടായ ചിറക്കൽ തോടിൽ (മലംഡിപ്പോയുടെ വടക്കുവശം) മൂന്നു ദണ്ഡു നീളത്തിൽ ഒരു ബണ്ടും ഒരു സ്ലൂസ്സും ഇട്ടുകിട്ടുവാൻ)

സർ, ഇതു് വളരെ അത്യാവശ്യമുള്ള ഒരു തോടാണു്. പഞ്ചായത്തിൽനിന്നു് ചിലവു ചെയ്തു് അവിടെ ബണ്ടിട്ടും. പക്ഷെ അതു പൊട്ടിപോകും. രണ്ടുമൂന്നു കൊല്ലമായി പൊട്ടിപോയതുകൊണ്ടു് കൃഷിക്കു നാശം വരുന്നതു്. അതുകൊണ്ടു് അവിടെ മൂന്നു ദണ്ഡുനീളത്തിൽ ഒരു ബണ്ടു് ഇട്ടാൽ കൊള്ളാം. അതു മാത്രമെ എനിക്കു താഴ്മ്മയിന്റെ ഉഷ്ണിയിൽ പെടുത്തുവാനുള്ളു.

*മിസ്റ്റർ കെ. അയ്യപ്പൻ: സർ, ഇതു് താഴ്മ്മയിന്റെ ഉഷ്ണിയിൽ പെട്ടിട്ടില്ലെങ്കിലും അതിനെപ്പറ്റി അന്വേഷിക്കണമെന്നു് എക്സിക്യൂട്ടീവു എഞ്ചിനീയരോടു് പറയുന്നതാണു്. ഇതുടനെ ചെയ്യിപ്പിക്കുവാൻ നോക്കാം.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: സഭയുടെ അനുവാദത്തോടുകൂടി ഉപക്ഷേപം ഞാൻ പിൻവലിക്കുന്നു.

Motion, by leave, withdrawn

Demand put and carried

(ii) 21—Public Works (Cranganur)

Mr. K. Ayyappan *(Minister for Works and Revenue)*: Sir, I beg to move for an amount of Rs. 75,000 under 21, Public Works, Cranganur.

Mr. C. A. Ouseph *(Minister for Education and Public Health)*: I second it.

Demand put and carried

(iii) 1. Land Revenue

Mr. K. Ayyappan *(Minister for Works and Revenue)*: Sir, I move for a demand of Rs. 5,65,901 under 1. Land Revenue.

Mr. C. A. Ouseph *(Minister for Education and Public Health)*: I second it.

CUT MOTION No. 1

മിസ്റ്റർ കെ. ഐ. വേലായുധൻ: To reduce the allotment of Rs. 2,800 for Land Reveune—6. Cattle Pounds in demand No. 1 by Re. 1 (To discuss the urgent necessity of extending the provisions of the Cattle Trespass Act to the villages of the State.) സർ,ടൌൺ പ്രദേശങ്ങളിൽ Cattle Trespass Act പാസ്സാക്കുവാൻ എന്തെല്ലാം വിധത്തിലുള്ള സാഹ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly